11
2025
ഡിസംബർ
വ്യാഴം
വൃശ്ചികം 25

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 297 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-297 | പേജ് 4. വില 2.00 രൂപ




02 വ്യാജരേഖയുണ്ടാക്കി വോട്ടർ പട്ടികയിൽ പേര് ചേർത്തു എൽഡിഎഫ് സ്ഥാനാർഥിക്കെതിരെ കേസ്

03 വയുവേഫ ചാമ്പ്യൻസ് ലീഗ്: ബാഴ്സലോണയ്ക്ക് തകർപ്പൻ ജയം

04 ബിജെപി സ്ഥാനാർത്ഥിയെ വീടുകയറി ആക്രമിച്ചു, ആർഎസ്എസ് നേതാവിനു വെട്ടേറ്റു

# വി.സി. നിയമന തർക്കം: സമവായമായില്ല

തിരുവനന്തപുരം: സംസ്ഥാനത്തെ സാങ്കേതിക, ഡിജിറ്റൽ സർവകലാശാലകളിലെ വൈസ് ചാൻസലർ (വി.സി.) നിയമനത്തിൽ ഗവർണർ-സർക്കാർ തർക്കം തുടരുന്നതിനിടെ സമവായ ചർച്ചകൾക്കായി മന്ത്രിമാരായ പി. രാജീവും ആർ. ബിന്ദുവും ലോക്ഭനിലെത്തി ഗവർണറെ കണ്ടെങ്കിലും തർക്കത്തിൽ സമവായം ഉണ്ടായില്ല. സുപ്രീം കോടതിയുടെ നിർദേശത്തെ തുടർന്നാണ് സമവായത്തിലെത്താൻ മന്ത്രിമാർ ബുധനാഴ്ച രാവിലെ ലോക്ഭവനിൽ ഗവർണറുമായി കൂടിക്കാഴ്ച നടത്തിയത്. ഒരു മണിക്കൂറിലധികം നീണ്ട കൂടിക്കാഴ്ചക്കൊടുവിൽ മന്ത്രിമാർ ഇവിടെ നിന്നും മടങ്ങി.



വി.സി. നിയമന തർക്കത്തിൽ ഡോ. സിസാ തോമസിനെ എതിർക്കുന്ന സർക്കാർ നിലപാടിനെ ഖണ്ഡിക്കാൻ ഗവർണർ ശക്തമായ വാദങ്ങളാണ് നിരത്തിയത്. സിസാ തോമസ് മിടുക്കിയാണ് എന്ന് സർക്കാരിന് തന്നെ ബോധ്യമുണ്ടെന്നാണ് ഗവർണറുടെ പ്രധാന നിലപാട്. ടെക്നോ പാർക്കിന്റെയും ഇൻഫോ പാർക്കിന്റെയും സി.ഇ.ഒ.യെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ സർക്കാർ സിസാ തോമസിനെ നിയോഗിച്ചിരുന്നു. കെ-സ്പേസ്, ഇക്ഫോസ്, കെ-ഫോൺ എന്നിവയുടെ നേതൃനിരയിൽ അവർ പ്രവർത്തിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന് വേണ്ടി ഡിജിറ്റൽ പ്ലാറ്റ്ഫോം തിരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ സിസാ തോമസിനെ സർക്കാർ അംഗമാക്കിയിരുന്നു. സർക്കാരിന്റെ ഐ.ടി. വകുപ്പിന്റെ സാങ്കേതിക ഉപദേശക സമിതിയിലും നയരൂപീകരണ ഉപസമിതിയിലും സിസാ തോമസ് അംഗമായിരുന്നു. നല്ല അക്കാദമിക് പശ്ചാത്തലമുള്ള, മികച്ച വ്യക്തിയാണ് സിസാ തോമസ് എന്ന് സർക്കാരിന് അറിയാമായിരുന്നിട്ടും എന്തിനാണ് എതിർക്കുന്നതെന്ന് ഗവർണർ ആരാഞ്ഞതായാണ് വിവരം.

അതേസമയം, ഡിജിറ്റൽ സർവകലാശാലയിലേക്ക് മുഖ്യമന്ത്രി നിർദ്ദേശിച്ച സജി ഗോപിനാഥിനെ എന്തുകൊണ്ട് എതിർക്കുന്നു എന്നതിനും ഗവർണർ വിശദീകരണം നൽകി. സജി ഗോപിനാഥിനെ കുറിച്ചുള്ള വിശദമായ തെളിവുകളും രേഖകളും ഉൾപ്പെടെയുള്ള വിശദീകരണം മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. എന്നാൽ, ഈ വിഷയം രാഷ്ട്രീയവൽക്കരിക്കാൻ തനിക്ക് ഉദ്ദേശമില്ലാത്തതിനാൽ, ഇതേക്കുറിച്ച് പൊതുവായി പരസ്യമായി ഒന്നും പറഞ്ഞിട്ടില്ലെന്നും കോടതിയിലും വിശദീകരിച്ചിട്ടില്ലെന്നും ഗവർണർ അറിയിച്ചു.

വി.സി. നിയമനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഗവർണർക്ക് (ചാൻസലർക്ക്) നൽകിയ പട്ടികയിൽ നിന്നുതന്നെ വി.സി. നിയമനം നടത്തണം എന്ന നിലപാടിൽ സർക്കാർ ഉറച്ചുനിൽക്കുകയാണ്. സർക്കാർ എപ്പോഴും സമവായത്തോടുകൂടി മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നത്. എന്നാൽ, ചർച്ചയുടെ വിശദാംശങ്ങൾ മാധ്യമങ്ങളുമായി പങ്കുവെക്കേണ്ടതില്ലെന്നും സുപ്രീം കോടതിയുടെ ശ്രദ്ധയിൽ ഈ ചർച്ചാവിവരങ്ങൾ കൊണ്ടുപോകുമെന്നും മന്ത്രിമാർ അറിയിച്ചു.

വി.സി. നിയമനത്തിൽ സമവായത്തിലെത്തിയില്ലെങ്കിൽ സുപ്രീം കോടതി നേരിട്ട് ഈ രണ്ട് സർവകലാശാലകളിലും വി.സി.മാരെ നിയമിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ഈ വിഷയം കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ, സമവായം ഉണ്ടായിട്ടുണ്ടെങ്കിൽ പോലും വ്യാഴാഴ്ച സുപ്രീം കോടതിയിൽ ഈ വിഷയം വരുമ്പോഴായിരിക്കും ഒരു ഏക അഭിപ്രായം ഉണ്ടായിട്ടുണ്ടെങ്കിൽ അത് വിശദീകരിക്കാൻ സാധ്യതയുള്ളത്.

# രാഹുൽ മാങ്കൂട്ടത്തിലിന് ഉപാധികളോടെ മുൻകൂർ ജാമ്യം: എല്ലാ തിങ്കളാഴ്ചയും ഹാജരാകണം

തിരുവനന്തപുരം : ഹോം സ്റ്റേയിലെത്തിച്ച് ബലാത്സംഗം ചെയ്തെന്നു കാട്ടി, ബെംഗളൂരുവിൽ താമസിക്കുന്ന 23 വയസ്സുകാരി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലെടുത്ത കേസിൽ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കു ഉപാധികളോടെ മുൻകൂർ ജാമ്യം. എല്ലാ തിങ്കളാഴ്ചകളിലും അന്വേഷണ ഉദ്യോഗസ്ഥർക്കു മുന്നിൽ ഹാജരായി ഒപ്പിടണമെന്ന ഉപാധിയോടെയാണ് രാഹുൽ മാങ്കൂട്ടത്തിലിന് മുൻകൂർ ജാമ്യം അനുവദിച്ചത്. സാക്ഷികളെ സ്വാധീനിക്കാൻ ശ്രമിക്കരുതെന്നും കോടതി പറഞ്ഞു. പ്രിൻസിപ്പൽ ജില്ലാ സെഷൻസ് ജഡ്ജി എസ്.നസീറ ആണ് ഹർജി പരിഗണിച്ചത്. അറസ്റ്റ് ചെയ്താൽ ജാമ്യത്തിൽ വിട്ടയക്കണമെന്നും കോടതി ഉത്തരവിലുണ്ട്. അടച്ചിട്ട മുറിയിലാണ് കോടതി വാദം കേട്ടത്. ഇതോടെ ദിവസങ്ങളായി ഒളിവിൽ കഴിയുന്ന രാഹുലിന് കേരളത്തിലേക്ക് എത്താൻ കഴിയും. ബലാത്സംഗക്കേസിൽ ഹൈക്കോടതി കഴിഞ്ഞ ദിവസം രാഹുലിന്റെ അറസ്റ്റ് തടഞ്ഞിരുന്നു.



ആദ്യം റജിസ്റ്റർ ചെയ്ത ബലാത്സംഗക്കേസിൽ കഴിഞ്ഞ ദിവസം രാഹുലിന്റെ അറസ്റ്റ് തടഞ്ഞ ഹൈക്കോടതി കേസ് വീണ്ടും 15നാണ് പരിഗണിക്കുന്നത്. വിവാഹക്കാര്യം പറഞ്ഞ് രാഹുൽ വീട്ടിലെത്തി ഭീഷണിപ്പെടുത്തിയിരുന്നുവെന്നും അതുകൊണ്ടാണ് പരാതി നൽകാൻ വൈകിയതെന്നും യുവതി മൊഴി നൽകിയിരുന്നു. ലൈംഗികപീഡനം ചൂണ്ടിക്കാട്ടി കെപിസിസി നേതൃത്വത്തിന് യുവതി അയച്ച ഇ-മെയിൽ പൊലീസിനു കൈമാറിയതോടെയാണ് രാഹുലിനെതിരെ കേസെടുത്തത്. തുടർന്ന് ജി. പൂങ്കുഴലി ഐപിഎസിന്റെ നേതൃത്വത്തിലുള്ള സംഘം പെൺകുട്ടിയെ ബന്ധപ്പെട്ട് മൊഴി രേഖപ്പെടുത്തിയിരുന്നു. വിവാഹവാഗ്ദാനം നൽകി ഹോം സ്റ്റേയിലെത്തിച്ച് ബലം പ്രയോഗിച്ചു രാഹുൽ ക്രൂരമായി ലൈംഗികപീഡനത്തിനിരയാക്കിയെന്ന മൊഴിയാണ് പെൺകുട്ടി നൽകിയിരിക്കുന്നത്.

# സിൽവർലൈൻ; വേറെ വഴിനോക്കേണ്ടിവരും – മുഖ്യമന്ത്രി

കണ്ണൂർ/തിരുവനന്തപുരം: കെ-റെയിൽ പദ്ധതിയിൽ ഇനി പ്രതീക്ഷവെച്ചിട്ട് കാര്യമില്ലെന്നാണ് തോന്നുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതിനർഥം പദ്ധതി ആകെ ഉപേക്ഷിക്കുന്നു എന്നല്ല, വേറെ വഴിനോക്കേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ പ്രസ് ക്ലബ് സംഘടിപ്പിച്ച 'മീറ്റ് ദി ലീഡർ' പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.നാടിന്റെ വികസനത്തിന് അങ്ങേയറ്റം സഹായകമായ ഒന്നായിരുന്നു കെ-റെയിൽ. ഇതിനുവേണ്ട കേന്ദ്രാനുമതി വേഗം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷേ, കിട്ടിയില്ല. രാഷ്ട്രീയനിലപാടുകൾ കാരണമാണ് അനുമതി ലഭിക്കാതിരുന്നത് -അദ്ദേഹം പറഞ്ഞു.

പ്രതീക്ഷയില്ലെന്ന് മുഖ്യമന്ത്രിതന്നെ പറയുന്നതോടെ സംസ്ഥാന സർക്കാരിന്റെ സ്വപ്നപദ്ധതിയായ അർധ അതിവേഗ റെയിൽവേ (സിൽവർലൈൻ) നടപ്പാകില്ലെന്നാണ് സൂചന. കേന്ദ്ര സർക്കാരുമായി കൂടിയാലോചനനടത്തി സിൽവർലൈൻ നടപ്പാക്കാനുള്ള ശ്രമം തുടരുമെന്ന് കഴിഞ്ഞ രണ്ടു ബജറ്റ് പ്രസംഗങ്ങളിലും മന്ത്രി കെ.എൻ. ബാലഗോപാൽ വ്യക്തമാക്കിയിരുന്നു. സിൽവൽലൈനിന്റെ നടത്തിപ്പുചുമതലയുള്ള കെ-റെയിൽ ഡിവലപ്മെന്റ് കോർപ്പറേഷൻ ആദ്യം സമർപ്പിച്ച ഡിപിആർ കേന്ദ്രം അംഗീകരിക്കാനിടയില്ലെന്നുവന്നതോടെ, മെട്രോമാൻ ഇ. ശ്രീധരൻ മുൻകൈയെടുത്ത് സമാന്തരപാതയ്ക്കുള്ള പദ്ധതി റിപ്പോർട്ടും സർക്കാരിനു തയ്യാറാക്കി നൽകിയിരുന്നു. പക്ഷേ, ഈ പരിശ്രമങ്ങളെല്ലാം പാളി പ്രതീക്ഷയറ്റു നിൽക്കുകയാണ് സർക്കാർ. ഡിപിആർ തള്ളിയതായും റെയിൽവേ മാനദണ്ഡപ്രകാരം പുതുക്കിനൽകാൻ നിർദേശിച്ചതായും കഴിഞ്ഞയാഴ്ചയും റെയിൽവേ മന്ത്രി പറഞ്ഞിരുന്നു. സ്റ്റാൻഡേഡ് ഗേജിലാണ് സിൽവർലൈൻ. ബ്രോഡ് ഗേജിലാണ് സാധാരണ റെയിൽപ്പാളം. ഇതുൾപ്പെടെയുള്ള കാര്യങ്ങളിലാണ് തടസ്സം.2020 ഏപ്രിൽ 15-നാണ് 63,941 കോടി പദ്ധതിച്ചെലവ് കണക്കാക്കിയുള്ള സിൽവർലൈൻ പാതയുടെ ഡിപിആർ കെ-റെയിൽ ബോർഡ് അംഗീകരിച്ചത്. ജൂണിൽ കേന്ദ്രസർക്കാരിനു സമർപ്പിച്ചു. തിരുവനന്തപുരംമുതൽ കാസർകോടുവരെ 530 കിലോമീറ്റർ പാതയിൽ 3.54 മണിക്കൂറിൽ യാത്ര സാധ്യമാക്കലായിരുന്നു ലക്ഷ്യം. 1605 കോടിയുടെ വാർഷികവരുമാനവും ലക്ഷ്യമിട്ടു.വൈകാതെ, സർക്കാർ 121 ഹെക്ടർ ഏറ്റെടുക്കാനുള്ള നടപടികളിലേക്കു പ്രവേശിച്ചു. 11 ജില്ലകളിൽ പ്രത്യേകം ഓഫീസുകൾ തുറന്നു. പലയിടത്തുമായി 6744 കുറ്റികൾ സ്ഥാപിച്ചു. എന്നാൽ, കേന്ദ്രാനുമതി ലഭിക്കാതെയും സാമൂഹികാഘാത പഠനം നടത്താതെയും സർക്കാർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികളിലേക്കു കടന്നതോടെ പ്രതിഷേധങ്ങൾ ഉയർന്നു. പോലീസും സമരക്കാരും തമ്മിലുള്ള ഏറ്റുമുട്ടലും ശക്തമായി. തുടർന്ന്, 2022 നവംബർ അവസാനത്തോടെ സിൽവർലൈനിൽനിന്നു തത്കാലം പിന്മാറാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചു.ഇതിനിടെ, 2023-ൽ കേരളവും കർണാടകവും ഉൾപ്പെട്ട ചർച്ചകൾ നടന്നത് പ്രതീക്ഷയേകി. പാരിസ്ഥിതിക-സാങ്കേതികപ്രശ്നങ്ങൾ പരിഹരിച്ചാൽ പദ്ധതി നടപ്പാക്കാൻ സന്നദ്ധമാണെന്ന് 2024 നവംബറിൽ റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് അഭിപ്രായപ്പെട്ടതും സിൽവർലൈൻ അസ്തമിച്ചിട്ടില്ലെന്നതിന്റെ ലക്ഷണമായി.കഴിഞ്ഞവർഷം മുഖ്യമന്ത്രിയും റെയിൽവേമന്ത്രിയും നടത്തിയ ചർച്ചകളിലും ശുഭസൂചനകളുണ്ടായി. ഇ. ശ്രീധരൻ സമാന്തരപാതയ്ക്കുള്ള റിപ്പോർട്ട് സമർപ്പിച്ചതും ഈ പശ്ചാത്തലത്തിലായിരുന്നു. എന്നാൽ, ഡിപിആർ തള്ളിയതായും റെയിൽവേ മാനദണ്ഡപ്രകാരം പുതുക്കിനൽകാൻ നിർദേശിച്ചതായും കഴിഞ്ഞയാഴ്ചയും റെയിൽവേ മന്ത്രി പറഞ്ഞിരുന്നു. സ്റ്റാൻഡേർഡ് ഗേജിലാണ് സിൽവർലൈൻ. ബ്രോഡ് ഗേജിലാണ് സാധാരണ റെയിൽപ്പാളം. ഇതുൾപ്പെടെയുള്ള കാര്യങ്ങളിലാണ് തടസ്സം.

# മുനമ്പം വഖഫ് ഭൂമി ഹൈക്കോടതി ഉത്തരവിന് എതിരായ ഹർജി വെള്ളിയാഴ്ച പരിഗണിക്കും

ന്യൂ ഡൽഹി: മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന ഹൈക്കോടതി ഉത്തരവ് അടിയന്തരമായി സ്റ്റേ ചെയ്യണമെന്ന ആവശ്യം സുപ്രീം കോടതി വെള്ളിയാഴ്ച്ച പരിഗണിക്കും. ജസ്റ്റിസുമാരായ മനോജ് മിശ്ര, ഉജ്ജ്വൽ ഭുയാൻ എന്നിവർ അടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുക.

നിയമപരമായ നടപടിക്രമങ്ങൾ മറികടന്ന് അധികാരപരിധി വിട്ടാണ് കേരള ഹൈക്കോടതി ഉത്തരവ് പുറപ്പടിവിച്ചതെന്ന് ആരോപിച്ച് നൽകിയിരിക്കുന്ന ഹർജിയാണ് സുപ്രീം കോടതി വെള്ളിയാഴ്ച്ച പരിഗണിക്കുന്നത്. കേസിൽ സ്റ്റേ ഉത്തരവ് പുറപ്പടുവിക്കുന്നതിനെ സംസ്ഥാന സർക്കാരും മുനമ്പത്തെ ഒരു വിഭാഗം ഭൂവുടമകളും സുപ്രീം കോടതിയിൽ എതിർക്കും.

മുനമ്പത്തെ തർക്കഭൂമി വഖഫ് അല്ലെന്ന് പ്രഖ്യാപിക്കാൻ കേരള ഹൈകോടതിക്ക് അധികാരമില്ലെന്നാണ് ഹർജി നൽകിയിരിക്കുന്ന കേരള വഖഫ് സംരക്ഷണ വേദിയുടെ വാദം. വഖഫ് ആയി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമി സംബന്ധിച്ച തർക്കം ഉണ്ടായാൽ വഖഫ് ട്രിബ്യുണലിന് മാത്രമേ അതിൽ തീർപ്പു കൽപ്പിക്കാൻ കഴിയൂ. നേരിട്ട് ഫയൽ ചെയ്യുന്ന റിട്ട് അപ്പീലിൽ തീർപ്പ് കൽപ്പിക്കാൻ ഹൈക്കോടതിക്ക് അവകാശമില്ലെന്നും ഹർജിയിൽ ആരോപിച്ചിട്ടുണ്ട്. മുനമ്പത്തെ ഭൂമി വഖഫ് ഭൂമിയാണെന്ന് കേരള വഖഫ് ബോർഡ് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

അതിനാൽ വഖഫ് ട്രിബ്യുണലിനെ മറികടന്ന് ഉത്തരവിറക്കിയ ഹൈക്കോടതി നടപടി തെറ്റാണെന്നാണ് ഹർജിക്കാർ ചൂണ്ടിക്കാട്ടുന്നത്.മുനമ്പത്തെത് വഖഫ് ഭൂമിയല്ലെന്ന് വിധിക്കാൻ സംസ്ഥാന സർക്കാർ ഹൈക്കോടതിയോട് ആവശ്യപ്പെട്ടിരുന്നില്ല.

ഭരണഘടനയുടെ 226-ാം അനുച്ഛേദ പ്രകാരമുള്ള അധികാരം സ്വമേധയാ ഉപയോഗിച്ചാണ് കേരള ഹൈക്കോടതി മുനമ്പത്തെ ഭൂമി വഖഫ് ഭൂമിയല്ലെന്ന് ഉത്തരവിറക്കിയതെന്നും ഹർജിക്കാർ ആരോപിക്കുന്നു. മുനമ്പം വിഷയത്തിൽ ശുപാർശകൾ സമർപ്പിക്കാനായി ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായരെ നിയമിച്ച സംസ്ഥാന സർക്കാർ നടപടിയെയും ഹർജിക്കാർ ചോദ്യം ചെയ്യുന്നുണ്ട്.

രാമചന്ദ്രൻ നായരുടെ നിയമനം ഹൈക്കോടതി സിംഗിൾ ബെഞ്ച് റദ്ദാക്കിയെങ്കിലും ഡിവിഷൻ ബെഞ്ച് ശരിവയ്ക്കുകയാണ് ചെയ്തത്. അഭിഭാഷകൻ അബ്ദുള്ള നസീഹ് ആണ് ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

# രണ്ടാംഘട്ട വോട്ടെടുപ്പ്: 2055 പ്രശ്നബാധിത ബൂത്തുകൾ വോട്ടെടുപ്പ് കർശന നിരീക്ഷണത്തിൽ

രണ്ടാംഘട്ട തിരഞ്ഞെടുപ്പിൽ ആകെ 18274 പോളിങ് സ്റ്റേഷനുകളാണുള്ളത്. ഇതിൽ 2055 എണ്ണം പ്രശ്നബാധിത ബൂത്തുകളായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃശൂർ- 81, പാലക്കാട്- 180, മലപ്പുറം- 295, കോഴിക്കോട്- 166, വയനാട് 189, കണ്ണൂർ - 1025, കാസർഗോഡ്- 119 എന്നിങ്ങനെയാണ് പ്രശ്നബാധിത ബൂത്തുകളുടെ ജില്ല തിരിച്ചുള്ള എണ്ണം. ഈ ബൂത്തുകളിൽ അതീവ സുരക്ഷാക്രമീകരണങ്ങളും വെബ്കാസ്റ്റിംഗ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ അധിക പോലീസ് സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രശ്നബാധിത ബൂത്തുകളിലെ വോട്ടെടുപ്പ് പ്രക്രിയ പൂർണ്ണമായും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും.

ഇതോടൊപ്പം അതത് ജില്ലാ കളക്ടറേറ്റുകളിൽ സജ്ജീകരിച്ചിട്ടുള്ള കൺട്രോൾ റൂമുകളിലും പ്രശ്നബാധിത ബൂത്തുകളിൽ ഏർപ്പെടുത്തിയ ലൈവ്

വെബ്കാസ്റ്റിങ്ങിലൂടെ നിരീക്ഷിക്കും. സിറ്റി പോലീസ് കമ്മീഷനർമാരുടെയും ജില്ലാ പോലീസ് മേധാവികളുടെയും നേതൃത്വത്തിലാണ് ജില്ലകളിൽ നിരീക്ഷണം നടത്തുന്നത്.ബൂത്തുകളിൽ എന്തെങ്കിലും അസാധാരണ നടപടി കണ്ടാൽ ഉടൻ തന്നെ കമ്മീഷൻ ഇടപെട്ട് നടപടി സ്വീകരിക്കും.

ബൂത്തിനുള്ളിൽ അതിക്രമിച്ചു കയറുകയോ, കൂട്ടംകൂടി നിന്ന് തിരഞ്ഞെടുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ഉടൻ പോലീസിന് നിർദ്ദേശം നൽകും. തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് രണ്ട് കൺട്രോൾ റൂമുകളാണ് പ്രവർത്തിക്കുന്നത്. തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥർക്ക് പുറമെ പോലീസ്, എക്സൈസ്, ബിഎസ്എൻഎൽ, ഐകെഎം, മോട്ടോർവാഹനവകുപ്പ്, കെൽട്രോൺ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുമാണ് നിരീക്ഷണം നടത്തുന്നത്.



# വിദ്യാർഥികൾക്കായി രാജ്യത്തെ പ്രഥമ ചാർട്ട് ട്രെയിൻ കേരളത്തിൽ

പരവൂർ: വിദ്യാർഥികൾക്ക് വേണ്ടി രാജ്യത്ത് ആദ്യമായി ചാർട്ട് ട്രെയിൻ അനുവദിച്ച് റെയിൽവേ. കാസർഗോഡ് എൽബിഎസ് എൻജിനീയറിംഗ് കോളേജിൽ ഡിസംബർ 22ന് നടക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ നവ സംരംഭകത്വ ഉച്ചകോടിയായ ഐഇഡിസി സമ്മിറ്റ് - 2025 ൽ പങ്കെടുക്കുന്നവർക്കായി തിരുവനന്തപുരത്തുനിന്നു കാസർഗോഡേക്കും തിരിച്ചും ചാർട്ടേഡ് ട്രെയിൻ അനുവദിച്ചിട്ടുള്ളത്.

ഇന്ത്യയിൽ ഇതാദ്യമായാണ് ഇത്തരമൊരു പരിപാടിക്കായി ചാർട്ടേഡ് ട്രെയിൻ അനുവദിക്കുന്നത്. തിരുവനന്തപുരത്തുനിന്നും ഡിസംബർ 21ന് ഉച്ചകഴിഞ്ഞ് രണ്ടിന് പുറപ്പെടുന്ന ട്രെയിൻ 22ന് പുലർച്ചെ നാലിന് കാസർഗോഡ് എത്തിച്ചേരും.

അന്നേദിവസം രാത്രി 11.30ന് ട്രെയിൻ തിരുവനന്തപുരത്തേക്കും തിരിക്കും. 23ന് ഉച്ചകഴിഞ്ഞ് 2.30ന് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ എത്തുന്നതോടുകൂടി ട്രെയിൻ യാത്ര അവസാനിക്കും.

ട്രെയിനിന് കോട്ടയം എറണാകുളം ഷൊർണൂർ കോഴിക്കോട് എന്നീ സ്റ്റേഷനുകളിൽ സ്റ്റോപ്പ് ഉണ്ടാവും.

ഒരു എസി കോച്ചും 17 സ്ലീപ്പർ കോച്ചുകളും ഉൾപ്പെടെ 18 ബോഗികളുള്ള ട്രെയിനിന്റെ ഓരോ ബോഗികളും പ്രത്യേക തീമിന്റെ ഭാഗമായിരിക്കും. പ്രസ്തുത തീമിനനുസരിച്ചുള്ള പാനൽ ഡിസ്കഷനുകളും എക്സ്പെർട്ട് ടോക്കുകളും കലാപരിപാടികൾ ഉൾപ്പെടെ ഇതിന്റെ ഭാഗമായി ട്രെയിനിൽ സംഘടിപ്പിക്കും.

ഐഇഡി സി സമ്മിറ്റ് - 2025-നായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന വിദ്യാർഥികൾക്ക് അവരുടെ ആശയങ്ങൾ പരസ്പരം പങ്കുവെക്കുന്നതിനും പുതിയ ആശയങ്ങൾ രൂപീകരിക്കുന്നതിനും ഉള്ള ഒരു വലിയ ഇടം കൂടിയാണ് ഇത്തരം ഒരു ചാർട്ടേഡ് ട്രെയിൻ വരുന്നതോടെ സാധ്യമാകുന്നത്.

ഇത് ഐഇഡിസി സമ്മിറ്റുകളുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം കൂടി എഴുതിച്ചേർക്കും.

സമ്മിറ്റിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്കായി ഇത്തരമൊരു ട്രെയിൻ സ്പോൺസർ ചെയ്തിരിക്കുന്നത് കേരള സ്റ്റാർട്ടപ്പ് മിഷൻ ആണ്.

സമ്മിറ്റിന്റെ ടിക്കറ്റുകൾക്കായി ooo. ശലറരൗാശേ. ശി എന്ന വെബ്സെറ്റ് സന്ദർശിക്കുക

# സുരേഷ് ഗോപി വോട്ടുവിവാദം; രാജിവയ്ക്കണമെന്ന് കോൺഗ്രസ്; വീട് വിറ്റതാണെന്നു ബിജെപി

തൃശൂർ: തദ്ദേശ തെരഞ്ഞെടുപ്പിൽ സുരേഷ് ഗോപി എംപി തിരുവനന്തപുരം ശാസ്തമംഗലത്ത് വോട്ട് രേഖപ്പെടുത്തിയതിലൂടെ അദ്ദേഹത്തിന്റെ പൊയ്മുഖം അഴിഞ്ഞുവീണെന്നു തൃശൂർ ഡിസിസി അധ്യക്ഷൻ ജോസഫ് ടാജറ്റ്. ശാസ്തമംഗലത്ത് വോട്ട് ചെയ്തതിലൂടെ ഉരച്ചു നോക്കാതെ ചെമ്പ് പുറത്തുവന്നു. എംപിയുടെ പൊയ്മുഖം അഴിഞ്ഞുവീണെന്നും കോൺഗ്രസ് വിമർശിച്ചു.

ഏതു നീചപ്രവർത്തിയിലൂടെയും ചതിയിലൂടെയും തെരഞ്ഞെടുപ്പ് വിജയമാണ് തങ്ങളുടെ ലക്ഷ്യമെന്നു സുരേഷ് ഗോപിയും ബിജെപിയും തെളിയിച്ചു. ഇതു പൂർണമായും ജനങ്ങളെ കബളിപ്പിച്ചുകൊണ്ടുള്ള വിജയമാണ്. അതുകൊണ്ട് അദ്ദേഹം ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കണം. തൃശൂരിലെ ജനങ്ങളെ ചതിച്ചതിനു ജനങ്ങളോട് മാപ്പ് പറയണമെന്നും രാജിവയ്ക്കണമെന്നും അദ്ദേഹം പറഞ്ഞു.

പാർലമെൻറ് തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ താൻ തൃശൂർക്കാരനാണെന്നും തൃശൂരിലാണ് താമസിക്കുന്നതെന്നും പറഞ്ഞാണ് വോട്ടർപട്ടികയിൽ പേര് ചേർത്തത്. തെരഞ്ഞെടുപ്പ് കമ്മീഷണർക്കു കേസെടുക്കാൻ കഴിയുന്ന സാഹചര്യമാണ്.

ആദ്യം താൻ തൃശൂരാണ് എന്നു പറഞ്ഞ വോട്ട് ചെയ്യുക, എന്നിട്ട് അടുത്ത തെരഞ്ഞെടുപ്പിൽ തിരുവനന്തപുരത്തു പോയി വോട്ട് ചെയ്യുക. ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി ഒരു വോട്ടർക്കു രണ്ട് സ്ഥലത്ത് വോട്ട് ഉണ്ടാകാൻ പാടില്ലെന്നും തൃശൂർ ഡിസിസി അധ്യക്ഷൻ കൂട്ടിച്ചേർത്തു.

എന്നാൽ, ഇടതുപക്ഷവും വലതുപക്ഷവും ബുദ്ധിമാന്ദ്യം ഉള്ളവരാകരുതെന്ന് ആകരുതെന്ന് ബിജെപി നേതാവ് അഡ്വ. ബി. ഗോപാലകൃഷ്ണൻ ആരോപിച്ചു. ലോക്സഭാ തെരഞ്ഞെടുപ്പിലെയും തദ്ദേശ തെരഞ്ഞെടുപ്പിലെ വോട്ടർപ്പട്ടിക രണ്ടാണെന്ന് എല്ലാവർക്കും അറിയാവുന്നതെല്ലേയുള്ളുവെന്നും അദ്ദേഹം പറഞ്ഞു.

സുരേഷ് ഗോപി നെട്ടിശേരിയിലെ വീട് വിറ്റതാണ്. അതുകൊണ്ട് അടുത്ത വീട്ടിലേക്ക് മാറണം എന്നാണോ ഇവർ പയുന്നത് പുതിയ വീട് അദ്ദേഹം തൃശൂരിൽ വാങ്ങാൻ പോകുകയാണെന്നും ഇവിടെ തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ട് ഉണ്ടെങ്കിൽ അതു തെളിയിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ദിലീപ് പീഡിപ്പിച്ചാൽ കുഴപ്പമില്ലെന്ന് പറഞ്ഞെന്ന പ്രചരണം തെറ്റ്: അതിജീവിതയുടെ അഭിഭാഷക

കൊച്ചി: തനിക്കെതിരായ സൈബർ ആക്രമണത്തിൽ തകരില്ലെന്ന് നടിയെ ആക്രമിച്ച കേസിൽ അതിജീവിതയുടെ അഭിഭാഷകയായ ടി. ബി. മിനി. ചിലയാളുകൾ ദിലീപ് പീഡിപ്പിച്ചാൽ കുഴപ്പമില്ലെന്ന് താൻ പറഞ്ഞതായി പ്രചരിപ്പിക്കുന്നുണ്ടെന്നും അതിൽ ഒരു സത്യവുണമില്ലെന്നും അഡ്വ. ടി. ബി. മിനി വ്യക്തമാക്കി. താൻ പറഞ്ഞതിൽ നിന്ന് അടർത്തിയെടുത്ത് പ്രചരിപ്പിക്കുന്ന വരികളാണിതെന്ന് അവർ ഫേസ്ബുക്കിൽ കുറിച്ചു. 'ഇയാൾ ചെയ്ത തെറ്റിന്റെ ആഴവും അപമാനവും പറഞ്ഞതിന്റെ തുടർച്ചയായാണ് ഞാൻ ഇത് വിശദീകരിച്ചത്. വരികൾ അടർത്തിയെടുത്ത് അർമാദിക്കുന്നവരോട് സഹതാപം മതി. 12-ാം തീയതിക്കു ശേഷം നമ്മൾ വിശദീകരിക്കും. പീഡനം തന്നെ ഒരു കുറ്റകൃത്യമാണ്. ക്വട്ടേഷൻ കൊടുത്ത് ചെയ്യിപ്പിക്കുമ്പോഴത് 'ഡബിൾ റേപ്പ്' ആണ്. നിങ്ങളുടെ അറിവിലേക്ക് പറഞ്ഞതാണ്', മിനി പറഞ്ഞു. താൻ തന്നെയാണ് ആ പെൺകുട്ടി എന്ന് വിചാരിച്ച് നടക്കുന്ന ഒരാളാണ് താനെന്നും അതിലപ്പുറം തന്റെ സഹോദരിയാണ് എന്നു കരുതി രാപ്പകലില്ലാതെ അവരുടെ നീതിക്കു വേണ്ടി അധ്വാനിക്കുന്ന തന്നെ അപകീർത്തിപ്പെടുത്തുകയാണ് അവരുടെ ലക്ഷ്യമെന്നും മിനി കൂട്ടിച്ചേർത്തു. താനതിൽ കുലുങ്ങില്ല. കുറ്റവാളികളുടേതല്ല കേരള സമൂഹമെന്നും അവർ പറഞ്ഞു.

നടിയെ ആക്രമിച്ച കേസിൽ വിചാരണ കോടതി ദിലീപിനെ വെറുതെ വിട്ടതിനു പിന്നാലെ മിനിക്ക് വലിയ രീതിയിൽ സൈബർ ആക്രമണം നേരിടേണ്ടി വന്നിരുന്നു. കേസിൽ ഗൂഢാലോചനക്കുറ്റം പ്രോസിക്യൂഷന് തെളിയിക്കാൻ സാധിച്ചില്ലെന്ന് ചൂണ്ടിക്കാണിച്ചാണ് എട്ടാം പ്രതി ദിലീപ് ഉൾപ്പെടെയുള്ളവരെ കോടതി വെറുതെ വിട്ടത്. കേസിലെ ഒന്നു മുതൽ ആറു വരെയുള്ള പ്രതികൾ കുറ്റക്കാരാണെന്നു വിചാരണ കോടതി വിധിച്ചു. ഇവർക്കെതിരേ ചുമത്തിയ മുഴുവൻ കുറ്റങ്ങളും നിലനിൽക്കുമെന്ന് കോടതി വ്യക്തമാക്കി. ഇവരുടെ ശിക്ഷ 12 ന് വിധിക്കും.

# കശുവണ്ടി വികസന കോർപറേഷൻ അഴിമതി: കൂടുതൽ സമയം തേടി സർക്കാർ

കൊച്ചി: കശുവണ്ടി വികസന കോർപറേഷൻ അഴിമതി കേസിലെ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച ഹർജിയിൽ സർക്കാർ കൂടുതൽ സമയം തേടി.

ഈ മാസം 17 വരെ സമയം അനുവദിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടു. മുൻ ചെയർമാനും കോൺഗ്രസ് നേതാവുമായ ആർ. ചന്ദ്രശേഖരനെയും എം. ഡി. രതീഷിനെയും വിചാരണ ചെയ്യാൻ സിബിഐ നൽകിയ അപേക്ഷ സർക്കാർ മൂന്നാംവട്ടവും നിരസിച്ചത് ചോദ്യം ചെയ്താണ് ഹർജി.

പ്രതികൾക്കെതിരേ തെളിവില്ലെന്നാണ് സർക്കാർ നിലപാട്. കശുവണ്ടി വികസന കോർപറേഷൻ 2006 - 15 കാലഘട്ടത്തിൽ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തതിൽ കോടികളുടെ അഴിമതിയും ഫണ്ട് ദുരുപയോഗവും നടന്നുവെന്നാണ് കേസ്.

ഹൈക്കോടതി നിർദേശ പ്രകാരം 2016-ലാണ് സിബിഐ അന്വേഷണം ഏറ്റെടുത്തത്. ആദ്യ തവണ 2020 ഒക്ടോബർ 15 നും രണ്ടാം തവണ 2025 മാർച്ച് 21 നും മൂന്നാം തവണ 2025 ഒക്ടോബർ 28-നുമാണ് പ്രോസിക്യൂഷൻ അനുമതി നിഷേധിച്ചത്.

നടപടിക്രമങ്ങളിലെ വീഴ്ചയാണ് സിബിഐ ചൂണ്ടിക്കാട്ടുന്നതെന്നും നടപടിയിൽ തെറ്റായ ഉദ്ദേശ്യമോ ഔദ്യോഗിക പദവി ദുരുപയോഗമോ ഉണ്ടായിട്ടില്ലെന്നും എന്തെങ്കിലും നേട്ടമുണ്ടാക്കിയതായി പറയാനാകില്ലെന്നും വിലയിരുത്തിയാണ് സർക്കാർ പ്രോസിക്യൂഷൻ അനുമതി മൂന്നാം തവണയും നിഷേധിച്ചത്.

പ്രതികൾ എന്തെങ്കിലും വ്യക്തിപരമായ നേട്ടം ഉണ്ടാക്കിയതിന് തെളിവില്ലെന്നും അഴിമതി നിരോധന നിയമപ്രകാരമുള്ള എന്തെങ്കിലും കുറ്റം ഉണ്ടെന്നതിന് തെളിവില്ലാത്ത സാഹചര്യത്തിൽ പ്രോസിക്യൂഷൻ അനുമതി നല്കാനാകില്ലെന്നുമായിരുന്നു സർക്കാർ ഉത്തരവിലുണ്ടായിരുന്നത്.

## കോട്ടക്കലിൽ നിയന്ത്രണം വിട്ട ലോറി വാഹനങ്ങൾ ഇടിച്ച് തെറിപ്പിച്ചു; നിരവധി പേർക്ക് പരിക്ക്

മലപ്പുറം: കോട്ടക്കൽ പുത്തൂരിൽ നിയന്ത്രണം വിട്ട ലോറി വാഹനങ്ങൾ ഇടിച്ച് തെറിപ്പിച്ചു. ഏഴ് വാഹനങ്ങളാണ് ലോറി ഇടിച്ചുതെറിപ്പിച്ചത്.

അപകടത്തിൽ നിരവധി പേർക്ക് പരിക്കേറ്റു. പരിക്കേറ്റവരെ കോട്ടക്കലിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പുത്തൂർ ഇറക്കത്തിൽ വച്ച് ലോറിയുടെ നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നു. ഒടുവിൽ ട്രാൻസ്ഫോമറിലിടിച്ചാണ് ലോറി നിന്നത്.

# ശരിയായില്ല; അതിജീവിതയ്ക്കെതിരായ പ്രതികരണം അനാവശ്യം: അടൂർ പ്രകാശിനെതിരെ കെ. മുരളീധരൻ

തിരുവനന്തപുരം: നടിയെ ആക്രമിച്ച കേസിലെ വിധിയെ സംബന്ധിച്ച് യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് നടത്തിയ പ്രസ്താവനയ്ക്കെതിരെ രൂക്ഷ വിമർശനവുമായി കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. അജീവിതയ്ക്കെതിരെ തെരഞ്ഞെടുപ്പ് ദിവസം നടത്തിയ പ്രസ്താവന അനാവശ്യമെന്നുംനിരുത്തരവാദപരമെന്നും മുരളീധരൻ കുറ്റപ്പെടുത്തി.

പദവിക്കനുസരിച്ചുള്ള പ്രസ്താവന നടത്തണം. തിരഞ്ഞെടുപ്പ് ദിവസം അത്തരത്തിലൊരു പ്രതികരണം നടത്തിയത് ശരിയായില്ലെന്നും മുരളീധരൻ പറഞ്ഞു. അതിജീവിതയ്ക്ക് നീതി കിട്ടണമെന്നാണ് നിലപാട്. സർക്കാർ അപ്പീൽ ചോദ്യം ചെയ്യേണ്ടതില്ലെന്നും അദ്ദേഹം വ്യക്തമാക്കി. സർക്കാർ അപ്പീൽ പോകുന്നത് വേറെ പണിയില്ലാത്തതിനാലാണെന്നും ദിലീപിന് നീതി കിട്ടിയെന്നുമായിരുന്നു അടൂർ പ്രകാശിന്റെ ആദ്യ പ്രതികരണം. ദിലീപുമായി തനിക്ക് അടുത്ത ബന്ധമാണുള്ളതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞിരുന്നു.കെപിസിസിയും എഐസിസിയും എതിർത്ത് നിലപാടെടുക്കുകയും സമൂഹമാധ്യമങ്ങളിലടക്കം വൻ വിമർശനം ഉയരുകയും ചെയ്തതോടെ അടൂർ പ്രസ്താവന തിരുത്തിയിരുന്നു. എന്നാൽ അടൂർ പ്രകാശിന്റെത് അനാവശ്യ പ്രതികരണമാണെന്നും കോൺഗ്രസ് നിലപാട് അതല്ലെന്നും കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ് വീണ്ടും വ്യക്തമാക്കി.

## വർക്കല ക്ലിഫിലെ റിസോർട്ടിൽ വൻ തീപിടിത്തം; മുറികളിലുണ്ടായിരുന്നവർ ഓടി രക്ഷപ്പെട്ടു

തിരുവനന്തപുരം: വർക്കല ക്ലിഫിൽ വൻ തീപിടുത്തം. നോർത്ത് ക്ലിഫിലെ റിസോർട്ടിലാണ് വൻ തീപിടിത്തമുണ്ടായത്. തീപിടിത്തത്തിൽ റിസോർട്ട് പൂർണമായും കത്തി നശിച്ചു. നോർത്ത് ക്ലിഫിലെ കലയില റിസോർട്ടിലാണ് തീപിടിത്തമുണ്ടായത്. റൂമിൽ വാടക്ക് താമസിച്ച വിനോദ സഞ്ചാരികളടക്കമുള്ളവർ ഓടി രക്ഷപ്പെട്ടു. സംഭവത്തിൽ ആർക്കും പരിക്കില്ല. അഗ്നിരക്ഷാ സേന സ്ഥലത്തെത്തി തീയണയ്ക്കാനുള്ള ശ്രമം തുടരുകയാണ്.

## തിരുവല്ലയിൽ വിരണ്ടോടിയ പോത്ത് നാല് പേരെ കുത്തി

പത്തനംതിട്ട: തിരുവല്ല വളഞ്ഞവട്ടത്ത് വിരണ്ടോടിയ പോത്ത് നാല് പേരെ കുത്തി. പരിക്കേറ്റവരിൽ ഒരാൾ ഫയർഫോഴ്സ് ഉദ്യോഗസ്ഥനാണ്. പോത്തിനെ താൽക്കാലികമായി പിടിച്ചുകെട്ടി. കഴുത്തിൽ കിടന്ന കയർ ഉപയോഗിച്ചാണ് ഫയർഫോഴ്സ് പോത്തിനെ പിടിച്ചു കെട്ടിയത്. വലിയവടം ഉപയോഗിച്ച് പിന്നീട് കെട്ടുമെന്ന് ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർ അറിയിച്ചു. വർഗീസ് ഫിലിപ്പ് എന്ന ഫയർഫോഴ്സ് ഉദ്യോഗസ്ഥനാണ് പോത്തിന്റെ ആക്രമണത്തിൽ പരിക്കേറ്റത്.

രാവിലെ വിരണ്ടോടിയ പോത്തിനെ നാട്ടുകാർ പിടിച്ചുകെട്ടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. തുടർന്ന് ഫയർഫോഴ്സിന്റെ സഹായം തേടുകയായിരുന്നു. പോലീസും ഫയർഫോഴ്സും എത്തി പോത്തിനെ പിടിക്കാൻ ശ്രമിക്കുന്നതിനിടെയാണ് പെട്ടെന്ന് ആക്രമിച്ചത്. നാല് പേരുടെയും പരിക്ക് ഗുരുതരമല്ല. കഴുത്തിൽ കിടന്ന കയർ കൊണ്ട് തന്നെ ഫയർഫോഴ്സ് പിടിച്ചു കെട്ടുകയാണ് ചെയ്തത്. വടം കൊണ്ടുവന്ന് പിന്നീട് കെട്ടും.

## ലോക്സഭാ തെരഞ്ഞെടുപ്പിലെ വോട്ടർ പട്ടികയല്ല തദ്ദേശത്തിലുള്ളത്; സുനിൽ കുമാറിന് മാനസിക വിഭ്രാന്തി: ബി. ഗോപാലകൃഷ്ണൻ

തൃശൂർ: തദ്ദേശ തെരഞ്ഞെടുപ്പിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് വോട്ട് ചെയ്തതിൽ പ്രതികരണവുമായി ബിജെപി നേതാവ് ബി. ഗോപാലകൃഷ്ണൻ. ലോക്സഭാ തിരഞ്ഞെടുപ്പിലെയും തദ്ദേശ തിരഞ്ഞെടുപ്പിലെയും വോട്ടർ പട്ടിക രണ്ടാണെന്ന് എല്ലാവർക്കും അറിയാമെന്നും ഇപ്പോൾ ഉണ്ടായിരിക്കുന്നത് അനാവശ്യ വിവാദമാണെന്നും ഗോപാലകൃഷ്ണൻ പറഞ്ഞു.

'സുരേഷ് ഗോപി താമസിച്ചിരുന്ന നെട്ടിശേരിയിലെ വീട് വിറ്റു. അദ്ദേഹം തൃശൂരിൽ പുതിയ വീട് നോക്കുന്നുണ്ട്. പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ പട്ടികയിൽ സുരേഷ് ഗോപിക്ക് വോട്ട് തിരുവനന്തപുരത്താണ്. '-ഗോപാലകൃഷ്ണൻ പറഞ്ഞു.

സുരേഷ് ഗോപിയുടെ നടപടി ചോദ്യം ചെയ്ത് രംഗത്തെത്തിയ സിപിഐ നേതാവ് വി. എസ്. സുനിൽ കുമാറിന് മാനസിക വിഭ്രാന്തിയാണെന്നും ബി ഗോപാലകൃഷ്ണൻ ആക്ഷേപിച്ചു. സുനിൽ കുമാറിന് നെല്ലിയ്ക്കാത്തളം വെയ്ക്കണമെന്നും ബിജെപി നേതാവ് പരിഹസിച്ചു.

# കടയിൽ പോകാനെന്നു പറഞ്ഞ് അവൾ വീട്ടിൽനിന്നിറങ്ങി, പിന്നെ സംഭവിച്ചത്...

കൊച്ചി: കൂട്ടുകാരനു പെൺസുഹൃത്തിൽ തോന്നിയ സംശയമാണ് എറണാകുളം മലയാറ്റൂരിൽ കൗമാരക്കാരിയുടെ ജീവനെടുത്തതെന്നു പോലീസ്. മുണ്ടങ്ങമറ്റത്തുനിന്നു കാണാതായ 19 വയസുകാരിയുടെ മരണം കൂട്ടുകാരിയിലുള്ള സംശയത്തെത്തുടർന്നുള്ള കൊലപാതകമെന്നാണ് വ്യക്തമായിരിക്കുന്നത്. സംഭവത്തിൽ ആൺസുഹൃത്ത് അലനെ (21) കാലടി പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ഇയാളെ വിശദമായി ചോദ്യം ചെയ്തുവരികയാണ്.

**കുറ്റസമ്മതം**

ആൺസുഹൃത്ത് അലൻ കുറ്റം സമ്മതിച്ചതായി പോലീസ് അറിയിച്ചു. സംശയത്തെത്തുടർന്ന് കല്ലുകൊണ്ട് തലക്കടിച്ച് കൊലപ്പെടുത്തുകയായിരുന്നു. പെൺകുട്ടിയുടെ ശരീരത്തിൽ മുറിവുകൾ കണ്ടെത്തി. ബംഗളൂരുവിൽ ഏവിയേഷൻ കോഴ്സിനു പഠിക്കുന്ന പെൺകുട്ടിക്ക് അവിടെ ആൺസുഹൃത്ത് ഉള്ളതായി അലൻ സംശയിച്ചു. പെൺകുട്ടിയുടെ ഫോണിൽ മറ്റൊരു ആൺസുഹൃത്തുമായുള്ള ചിത്രങ്ങളും അലൻ കണ്ടു. തുടർന്നാണ് കൊലപ്പെടുത്തിയത്. സിസിടിവി ദൃശ്യങ്ങൾ ലഭിച്ചതോടെയാണ് ചോദ്യം ചെയ്തു വിട്ടയച്ച അലനെ പോലീസ് വീണ്ടും വിളിപ്പിച്ചത്. കൊലപാതകം മദ്യ ലഹരിയിൽ ആയിരുന്നു എന്നും പോലീസ് പറയുന്നു. ഇയാളുടെ അറസ്റ്റ് ഉടൻ രേഖപ്പെടുത്തും.

**തെരച്ചിൽ, മൃതദേഹം**

മുണ്ടങ്ങാമറ്റം സ്വദേശിനി ചിത്രപ്രിയയെ ആണ് കൊല്ലപ്പെട്ട നിലയിൽ സെബിയൂർ കൂരാപ്പിള്ളി കയറ്റത്തിൽ ഗ്രൗണ്ടിൽ കണ്ടെത്തിയത്. മലയാറ്റൂർ മുണ്ടങ്ങാമറ്റം തുരുത്തിപ്പറമ്പിൽ ഷൈജുവിന്റെയും ഷിനിയുടെയും മകളാണ്. ബെംഗളരുവിൽ ഏവിയേഷൻ ബിരുദ വിദ്യാർഥിയായ ചിത്രപ്രിയ അവധിക്കു നാട്ടിലെത്തിയതായിരുന്നു.

**ആറു മുതലാണ് കാണാതായത്.**

അടുത്തുള്ള കടയിൽ പോകുന്നുവെന്നു പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയ പെൺകുട്ടി പിന്നീട് തിരിച്ചു വന്നില്ല. തുടർന്നു വീട്ടുകാർ കാലടി പോലീസിൽ പരാതി നൽകിയിരുന്നു. ഇതിനെത്തുടർന്ന് തെരച്ചിൽ വ്യാപകമാക്കിയിരുന്നു. ഇതിനിടെയാണ് ഇന്നലെ ഉച്ചയ്ക്ക് 2.20 ഓടെ മൃതദേഹം കണ്ടെത്തിയത്. ഈ ഭാഗത്തു തെരച്ചിൽ നടത്തുന്നതിനിടെ ദുർഗന്ധം അനുഭവപ്പെട്ടതിനു പിന്നാലെയാണ് മൃതദേഹം കണ്ടെത്തിയത്. ജീർണിച്ചു തുടങ്ങിയ മൃതദേഹത്തിന് രണ്ടു ദിവസത്തെ പഴക്കമുണ്ട് എന്നാണ് പ്രാഥമിക നിഗമനം.

**മറ്റു രണ്ടു സുഹൃത്തുക്കളും**

ഇതിനിടെ, പെൺകുട്ടി ആൺസുഹൃത്തിനൊപ്പം ബൈക്കിൽ പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പോലീസിനു ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രദേശത്തു തെരച്ചിൽ നടത്തിത്. പെൺകുട്ടിയെ ബൈക്കിൽ പ്രദേശത്തു കൊണ്ടുവിട്ടുവെന്നായിരുന്നു ആദ്യ ഘട്ടത്തിൽ ചോദ്യം ചെയ്യലിൽ അലൻ പറഞ്ഞിരുന്നത്. തുടർന്നു വിട്ടയച്ചു.

പിന്നീട് മൃതദേഹം കണ്ടെത്തിയതോടെ അലനെ വീണ്ടും വിളിക്കുകയായിരുന്നു. എന്നാൽ, ഒന്നും വിട്ടു പറയുന്നുണ്ടായിരുന്നില്ല. സംശയത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ തുടർച്ചയായ ചോദ്യം ചെയ്യലിലാണ് കുറ്റം സമ്മതിച്ചത്. ഇയാൾക്കൊപ്പം മറ്റു രണ്ട് സുഹൃത്തുക്കളും ഉണ്ടായിരുന്നു. ശനിയാഴ്ച രാത്രിയും ഞായറാഴ്ചയും പെൺകുട്ടി ഇവർക്കൊപ്പമായിരുന്നുവെന്നാണ് പോലീസ് നിഗമനം.

## സന്ദീപ് വാര്യർക്ക് താത്കാലിക ആശ്വാസം; പോലീസ് റിപ്പോർട്ട് കിട്ടും വരെ അറസ്റ്റില്ല

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരെ പീഡന പരാതി നൽകിയ യുവതിക്കെതിരെ സൈബർ അധിക്ഷേപം നടത്തിയ കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർക്ക് താൽകാലിക ആശ്വാസം. കേസിൽ പോലീസ് റിപ്പോർട്ട് വന്നിട്ടില്ലെന്നും റിപ്പോർട്ട് വരുന്നത് വരെ അറസ്റ്റ് ചെയ്യില്ലെന്നും പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. സൈബർ ഇടത്തിൽ പരാതിക്കാരിയെ അധിക്ഷേപിച്ചന്ന കേസിൽ പ്രതിയാണ് സന്ദീപ് വാര്യർ. സന്ദീപിന്റെ മുൻകൂർ ജാമ്യാപേക്ഷ ഈ മാസം 15 ന് വീണ്ടും പരിഗണിക്കും. പരാതിക്കാരിയുടെ ചിത്രമോ പേരോ സോഷ്യൽ മീഡിയവഴി പങ്കുവച്ചിട്ടില്ലെന്നും പണ്ടുണ്ടായിരുന്ന പോസ്റ്റ് മറ്റാരോ കേസിന് ശേഷം കുത്തിപൊക്കിയതാണെന്നുമാണ് മുൻകൂർ ജാമ്യ ഹർജിയിൽ സന്ദീപ് വാര്യർ പറയുന്നത്.

## റോഡിൽ കിടന്നുറങ്ങിയ യുവാവിന്റെ ദേഹത്തുകൂടി ടിപ്പർ കയറിയിറങ്ങി

ഉഴവൂർ: കുടുക്കപ്പാറയിൽ മണ്ണെടുപ്പ് കേന്ദ്രത്തിലേക്ക് പോയ ടിപ്പർ ലോറി റോഡിൽ കിടന്നുറങ്ങുകയായിരുന്ന യുവാവിന്റെ ശരീരത്തിലൂടെ കയറിയിറങ്ങി. കുടുക്കപ്പാറ സ്വദേശി പാട്ടുപാറ അമൽ (23) ആണ് മരിച്ചത്.

പുലർച്ചെ അഞ്ചോടെയാണ് സംഭവം. മണ്ണെടുപ്പ് കേന്ദ്രത്തിലേക്ക് പോയപ്പോൾ റോഡിൽ കിടന്നുറങ്ങുകയായിരുന്ന യുവാവിന്റെ ശരീരത്തിലൂടെ ലോറികയറിയിറങ്ങി. ഇക്കാര്യം ഡ്രൈവർ അറിഞ്ഞില്ല.

മണ്ണെടുത്ത് തിരിച്ചുവന്നപ്പോഴും യുവാവിന്റെ ശരീരത്തിലൂടെ ലോറി കയറിയിറങ്ങി. എന്നാൽ രണ്ടാമത് ലോറി ശരീരത്തിലൂടെ കയറിയിറങ്ങിയപ്പോൾ ഡ്രൈവർ മൃതദേഹം കണ്ടു. ലോറിയും ഡ്രൈവറും പോലീസ് കസ്റ്റഡിയിലാണ്.

പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ച് മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. അനധികൃത മണ്ണെടുപ്പ് നടക്കുന്ന മേഖലയിലൂടെയാണ് ടിപ്പർ ലോറി സഞ്ചരിച്ചതെന്ന് നാട്ടുകാർ ആരോപിക്കുന്നു. സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം തുടരുകയാണ്.

# വ്യാജരേഖയുണ്ടാക്കി വോട്ടർ പട്ടികയിൽ പേര് ചേർത്തു; എൽഡിഎഫ് സ്ഥാനാർഥിക്കെതിരെ കേസ്

മലപ്പുറം: പുളിക്കലിൽ വ്യാജരേഖയുണ്ടാക്കി വോട്ടർ പട്ടികയിൽ പേര് ചേർത്തെന്ന പരാതിയിൽ എൽഡിഎഫ് സ്ഥാനാർഥിക്കെതിരെ കേസെടുത്തു. 16-ാം വാർഡ് സ്ഥാനാർഥി കെ. ഒ. നൗഫലിനെതിരെയാണ് കേസെടുത്തത്.

സിപിഎം പ്രവർത്തകന്റെ മകളുടെ വോട്ടു ചേർക്കാൻ കൃത്രിമം കാട്ടിയെന്ന പരാതിയിലാണ് കേസ് രജിസ്റ്റർ ചെയ്തത്. കേസിൽ നൗഫൽ മൂന്നാം പ്രതിയാണ്.

എസ്എസ്എൽസി ബുക്കിലെ ജനന തീയതിയിൽ കൃത്രിമം കാട്ടിയെന്നാണ് എഫ്ഐആറിൽ പറയുന്നത്. 19-02-2007 എന്ന ജനന തീയതി 19-02-2006 എന്ന് തിരുത്തിയാണ് വോട്ടർ പട്ടികയിൽ പേരുചേർത്തത്.

തദ്ദേശ തെരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ 01-01-2025ന് 18 വയസ്സ് തികയണമായിരുന്നു. കേസിൽ പെൺകുട്ടി ഒന്നാം പ്രതിയും അച്ഛൻ രണ്ടാം പ്രതിയുമാണ്.

# ഏഴ് ജില്ലകളിലായി 15337176 വോട്ടർമാരും 38994 സ്ഥാനാർത്ഥികളും

തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള രണ്ടാംഘട്ട വോട്ടെടുപ്പ് ഇന്ന് (ഡിസംബർ 11) രാവിലെ 7 ന് തുടങ്ങും. വൈകുന്നേരം 6 മണിവരെയാണ് വോട്ടെടുപ്പ്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലെ (ഗ്രാമപഞ്ചായത്ത് – 470, ബ്ലോക്ക് പഞ്ചായത്ത് – 77, ജില്ലാ പഞ്ചായത്ത് – 7, മുനിസിപ്പാലിറ്റി – 47, കോർപ്പറേഷൻ – 3) 12391 വാർഡുകളിലേയ്ക്കാണ് (ഗ്രാമ പഞ്ചായത്ത് വാർഡ് – 9015, ബ്ലോക്ക് പഞ്ചായത്ത് വാർഡ് – 1177, ജില്ലാ പഞ്ചായത്ത് വാർഡ് – 182, മുനിസിപ്പാലിറ്റി വാർഡ് – 1829, കോർപ്പറേഷൻ വാർഡ് – 188) ഇന്ന് (ഡിസംബർ 11) വോട്ടെടുപ്പ് നടക്കുന്നത്.

ആകെ 15337176 വോട്ടർമാരാണ് പട്ടികയിലുള്ളത് (പുരുഷൻമാർ – 7246269, സ്ത്രീകൾ – 8090746, ട്രാൻസ്ജെൻഡർ – 161). 3293 പ്രവാസി വോട്ടർമാരും പട്ടികയിലുണ്ട്. ആകെ 38994 സ്ഥാനാർത്ഥികളാണ് (18974 പുരുഷന്മാരും, 20020 സ്ത്രീകളും) മത്സരിക്കുന്നത്. ഗ്രാമപഞ്ചായത്ത് വാർഡുകളിലേയ്ക്ക് 28274 ഉം, ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് 3742 ഉം, ജില്ലാ പഞ്ചായത്തിലേയ്ക്ക് 681 ഉം, മുനിസിപ്പാലിറ്റികളിലേയ്ക്ക് 5546 ഉം, കോർപ്പറേഷനുകളിലേയ്ക്ക് 751 ഉം സ്ഥാനാർത്ഥികളുമാണ് മത്സരരംഗത്തുള്ളത്. കാൻഡിഡേറ്റ് സെറ്റിങ് കഴിഞ്ഞ 18274 കൺട്രോൾ യൂണിറ്റും 49019 ബാലറ്റ് യൂണിറ്റും പോളിങ്ങിനായി തയ്യാറായി കഴിഞ്ഞു. 2631 കൺട്രോൾ യൂണിറ്റും 6943 ബാലറ്റ് യൂണിറ്റും റിസർവ്വായി കരുതിയിട്ടുണ്ട്.

തദ്ദേശ തിരഞ്ഞെടുപ്പ് രണ്ടാംഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ ആന്തൂർ മുൻസിപ്പാലിറ്റിയിലെ 5 വാർഡുകളിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാലും മലപ്പുറം ജില്ലയിലെ മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിൽ സ്ഥാനാർത്ഥി മരിച്ചതിനെ തുടർന്നും വോട്ടെടുപ്പ് ഉണ്ടായിരിക്കുന്നതല്ല. കാസർകോട് ജില്ലയിലെ 2 ഗ്രാമ പഞ്ചായത്തുകളിലെ ഓരോ വാർഡിലും കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിലെ 5 വാർഡുകളിലും 2 ഗ്രാമപഞ്ചായത്തുകളിലായി 9 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. കണ്ണൂരിൽ ആന്തൂർ മുനിസിപ്പാലിറ്റിയിലെ മൊറാഴ, കൊടല്ലൂർ, തളിയിൽ, പൊടികുണ്ട്, അൻജംപീടിക എന്നീ വാർഡുകളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ അവിടങ്ങളിൽ വോട്ടെടുപ്പില്ല. മലപ്പുറം ജില്ലയിലെ മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിലെ യുഡിഎഫ് സ്ഥാനാർത്ഥി ഹസീന മരണപ്പെട്ടതിനാൽ ആ വാർഡിലെ വോട്ടെടുപ്പു മാറ്റിവച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മംഗൽപാടി, മടിക്കൈ ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡുകളിലും കണ്ണൂർ ജില്ലയിലെ കണ്ണാപുരം ഗ്രാമപഞ്ചായത്തിൽ 6 വാർഡിലും മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 3 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ ഗ്രാമപഞ്ചായത്ത് വാർഡിലേക്ക് വോട്ടെടുപ്പ് ഉണ്ടാകില്ല. എന്നാൽ അതത് പോളിംഗ് ബൂത്തുകളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേക്കുള്ള വോട്ടെടുപ്പ് നടക്കും.

# മാധ്യമ പ്രവർത്തകർ ഇല്ലായിരുന്നെങ്കിൽ ഞാൻ ആക്രമിക്കപ്പെടുമായിരുന്നു: സാബു എം. ജേക്കബ്

കൊച്ചി: ട്വൻറി 20യെ ഇല്ലാതാക്കലാണ് ഇരു മുന്നണികളുടെയും ലക്ഷ്യമെന്ന് പാർട്ടി ചീഫ് കോർഡിനേറ്റർ സാബു എം. ജേക്കബ്. ട്വൻറി 20ക്കെതിരെ ഒന്നിച്ചത് 25പാർട്ടികളുടെ സഖ്യമാണെന്നും സാബു പറഞ്ഞു.

'ക്യാമറ നിരീക്ഷണം ഏർപ്പെടുത്താനുള്ള ഹൈക്കോടതി ഉത്തരവ് നടപ്പാക്കിയില്ല. ക്യാമറ കൈകാര്യം ചെയ്യേണ്ടവർക്കുള്ള പാസുകൾ മുക്കി. കണ്ണൂർ മോഡലിൽ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിച്ചു. '– സാബു കുറ്റപ്പെടുത്തി.

എൽഡിഎഫും– യുഡിഎഫും സംയുക്തമായാണ് മത്സരിച്ചത്. ശ്രീനിജൻ എംഎൽഎയുടെ നേതൃത്വത്തിലാണ് ഈ സഖ്യം പ്രവർത്തിച്ചത്. കോൺഗ്രസിനെയും സിപിഎമ്മിനെയും നിയന്ത്രിക്കുന്നത് ശ്രീനിജൻ ആണെന്നും സാബു എം. ജേക്കബ് പറഞ്ഞു.

'തെരഞ്ഞെടുപ്പ് ജോലിയിലുള്ള ഉദ്യോഗസ്ഥരെയും പോലീസിനെയും സ്വാധീനിച്ചു. താൻ വോട്ട് ചെയ്യുന്ന ബൂത്തിൽ ബോധപൂർവം പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചു. വോട്ട് ചെയ്യുമ്പോൾ പോലും ബഹളം ഉണ്ടാക്കി. പുറത്തേക്ക് വന്നപ്പോൾ ബോധപൂർവം പ്രശ്നങ്ങൾ ഉണ്ടാക്കി. '–സാബു കൂട്ടിച്ചേർത്തു.

'പാസുമായി വന്ന മാധ്യമങ്ങളെ ആക്രമിച്ചു. മാധ്യമ പ്രവർത്തകർ ഇല്ലായിരുന്നെങ്കിൽ താൻ ആക്രമിക്കപ്പെടുമായിരുന്നു. ആ പദ്ധതി പാളിയത് കൊണ്ടാണ് മാധ്യമ പ്രവർത്തകരെ ആക്രമിച്ചത്. മാധ്യമ പ്രവർത്തകരെ ആക്രമിച്ചത് സിപിഎം, കോൺഗ്രസ് പ്രവർത്തകരാണ്. '–സാബു പറഞ്ഞു.

മറ്റു ബൂത്തുകളിൽ നിന്ന് വരെ ആളുകൾ എത്തിയെന്നും തന്നെ ആക്രമിക്കാനാണ് ഇവർ സംഘടിച്ചെത്തിയതെന്നും സാബു പറഞ്ഞു. ആ ശ്രമം പരാജയപ്പെട്ടതോടെ മാധ്യമങ്ങൾക്കെതിരെ തിരിയുകയായിരുന്നുവെന്നും സുരക്ഷ ഉറപ്പാക്കുന്നതിൽ പോലീസ് പരാജയപ്പെട്ടുവെന്നും സാബു എം. ജേക്കബ് വിമർശിച്ചു.

## യുവേഫ ചാമ്പ്യൻസ് ലീഗ്: ബാഴ്സലോണയ്ക്ക് തകർപ്പൻ ജയം

ബാഴ്സലോണ: യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ എഫ്സി ബാഴ്സലോണയ്ക്ക് തകർപ്പൻ ജയം. ചൊവ്വാഴ്ച നടന്ന മത്സരത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് എയ്ൻട്രാച്ച് ഫ്രാങ്ക്ഫർട്ടിനെയാണ് ബാഴ്സലോണ തോൽപ്പിച്ചത്.

ജൂൾസ് കൗണ്ടെയാണ് ബാഴ്സയ്ക്കായി രണ്ട് ഗോളുകളും നേടിയത്. മത്സരത്തിന്റെ 50–ാം മിനിറ്റിലും 53–ാം മിനിറ്റിലും ആണ് താരം ഗോൾ നേടിയത്. വിജയത്തോടെ പ്രാഥമിക റൗണ്ടിലെ പോയിൻറ് ടേബിളിൽ ബാഴ്സ 14–ാം സ്ഥാനത്തെത്തി. 10 പോയിൻറാണ് ബാഴ്സലോണയ്ക്ക് ഉള്ളത്.

## മലയാറ്റൂരിലെ ചിത്രപ്രിയയുടെ മരണം കൊലപാതകം; കുറ്റം സമ്മതിച്ച് ആൺസുഹൃത്ത്

കൊച്ചി: മലയാറ്റൂരിൽ കൗമാരക്കാരി ചിത്രപ്രിയയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് പോലീസ്. ആൺസുഹൃത്ത് അലൻ കുറ്റം സമ്മതിച്ചതായി പോലീസ് അറിയിച്ചു.

സംശയത്തെ തുടർന്ന് കല്ലു കൊണ്ട് തലക്കടിച്ച് കൊലപ്പെടുത്തുകയായിരുന്നു. ബംഗളൂരുവിൽ പഠിക്കുന്ന പെൺകുട്ടിക്ക് അവിടെ ആൺസുഹൃത്ത് ഉള്ളതായി അലൻ സംശയിച്ചു.

പെൺകുട്ടിയുടെ ഫോണിൽ മറ്റൊരു ആൺസുഹൃത്തുമായുള്ള ചിത്രങ്ങളും അലൻ കണ്ടു. തുടർന്നാണ് കൊലപ്പെടുത്തിയത്. സിസിടിവി ദൃശ്യങ്ങൾ ലഭിച്ചതോടെയാണ് ചോദ്യം ചെയ്തു വിട്ടയച്ച അലനെ പോലീസ് വീണ്ടും വിളിപ്പിച്ചത്. കൊലപാതകം മദ്യ ലഹരിയിൽ ആയിരുന്നു എന്നും പോലീസ് വ്യക്തമാക്കി. എന്നാൽ പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നതിനേ ശേഷമെ അറസ്റ്റ് അടക്കമുള്ള നടപടികളിലേയ്ക്ക് കടക്കൂ എന്നും പോലീസ് അറിയിച്ചു.

സംഭവത്തിൽ നിർണായക സിസിടിവി ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിരുന്നു. ചിത്രപ്രിയ മറ്റൊരാൾക്കൊപ്പം ബൈക്കിൽ പോകുന്ന സിസിടിവി ദൃശ്യങ്ങളാണ് പോലീസിന് ലഭിച്ചത്. ഞായറാഴ്ച രാത്രി 1.53 സമയത്തുള്ള ദൃശ്യങ്ങളാണ് ഇത്. മറ്റൊരാൾ ബൈക്കിൽ മുന്നിൽ പോകുന്നതും വീഡിയോയിലുണ്ട്. കാണാതായി രണ്ട് ദിവസത്തിന് ശേഷമാണ് വീടിന് ഒരു കിലോമീറ്റർ അകലെയുള്ള ഒഴിഞ്ഞ പറമ്പിൽ നിന്നും ചിത്രപ്രിയയുടെ മൃതദേഹം കണ്ടെത്തിയത്. അന്വേഷണത്തിൽ മൃതദേഹം കണ്ടെത്തിയ സ്ഥലത്തിനടുത്ത് രക്തക്കറയുള്ള കല്ല് പൊലീസ് കണ്ടെത്തിയിരുന്നു.

# ഹഡിൽ ഗ്ലോബൽ സ്റ്റാർട്ടപ്പ് സംഗമത്തിന് ഡിസംബർ 12 ന് കോവളത്ത് തുടക്കം

### ഡിസംബർ 14 ന് 'കേരള ഫ്യൂച്ചർ ഫോറ'ത്തിൽ മുഖ്യമന്ത്രി സംവദിക്കും
### ധന, വ്യവസായ, ഉന്നത വിദ്യാഭ്യാസ മന്ത്രിമാർ ആദ്യദിവസം പങ്കെടുക്കും

തിരുവനന്തപുരം: ഇന്ത്യയിലെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് സംഗമമായ ഹഡിൽ ഗ്ലോബലിൻറെ ഏഴാം പതിപ്പിന് ഡിസംബർ 12 ന് കോവളത്ത് തിരിതെളിയും. കേരള സ്റ്റാർട്ടപ്പ് മിഷൻറെ നേതൃത്വത്തിൽ ഡിസംബർ 14 വരെ ദി ലീല കോവളം, എ റാവിസ് ഹോട്ടലിലാണ് പരിപാടി. രാജ്യത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ വളർച്ചയിൽ കേരളത്തിൻറെ നേതൃപരമായ പങ്കിൻറെ നേർച്ചിത്രം തുറന്നു കാട്ടുന്ന ഒന്നാണ് 'ഹഡിൽ ഗ്ലോബൽ 2025'.

ഡിസംബർ 14 ന് രാവിലെ 11 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ 'വിഷണറി ടോക്ക്' നടത്തും. 'ദി കേരള ഫ്യൂച്ചർ ഫോറം: എ ഡയലോഗ് വിത്ത് ചീഫ് മിനിസ്റ്റർ' എന്ന സെഷനിൽ മുഖ്യമന്ത്രി എക്കോ സിസ്റ്റം പാർട്ണേഴ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കും. പൊതുവിദ്യാഭ്യാസ, തൊഴിൽ മന്ത്രി വി ശിവൻകുട്ടി സന്നിഹിതനാകും.

ഡിസംബർ 12 ന് നടക്കുന്ന 'ലീഡർഷിപ്പ് ടോക്കിൽ' സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന സമഗ്ര വികസന പദ്ധതിയായ 'വിഷൻ 2031' മായി ബന്ധപ്പെട്ട് ധന, വ്യവസായ, ഉന്നത വിദ്യാഭ്യാസ മന്ത്രിമാർ കാഴ്ചപ്പാടുകൾ പങ്കിടും. രാവിലെ 10.20 ന് കേരളത്തിൻറെ വിജ്ഞാന സമ്പദ് വ്യവസ്ഥയുടെ പുരോഗതി മുന്നിൽക്കണ്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസാരിക്കും. കേരളത്തിൻറെ ഗവേഷണ –നവീകരണ സമ്പദ് വ്യവസ്ഥയ്ക്കായുള്ള ഭാവി പദ്ധതികളെക്കുറിച്ച് ഉച്ചയ്ക്ക് 2.45 ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു വിശദീകരിക്കും. നിയമ, വ്യവസായ, കയർ മന്ത്രി പി. രാജീവ് വൈകുന്നേരം 4.25 ന് കേരളത്തിൻറെ വ്യവസായ മേഖലയിലെ വളർച്ചാസാധ്യതകളെക്കുറിച്ചും പുത്തൻ ആശയങ്ങളെക്കുറിച്ചും സംസാരിക്കും.

സ്റ്റാർട്ടപ്പ് ഫണ്ടിംഗ്, ബിസിനസ്സ്, സാങ്കേതികവിദ്യ എന്നിവയിലാണ് ഇത്തവണത്തെ ഹഡിൽ ഗ്ലോബൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സ്റ്റാർട്ടപ്പുകൾക്ക് മൂലധനവും നൂതന ബിസിനസ് മാതൃകകളും കണ്ടെത്തുന്നതിന് പരിപാടി സഹായകമാകും. ആഗോളതലത്തിൽ ഉയർന്നുവരുന്ന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുമുള്ള അവസരങ്ങൾ സെഷനുകളും ചർച്ചകളും ഉയർത്തിക്കാട്ടും. സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ ഭാവി നിർവചിക്കുന്ന ആശയങ്ങളുടെ സംഗമത്തിന് പരിപാടി വേദിയാകും. അത്യാധുനിക സാങ്കേതിക വിദ്യാ ഉത്പന്നങ്ങളും ആശയങ്ങളും കൈമുതലായ സ്റ്റാർട്ടപ്പുകൾക്ക് അപാര സാധ്യതകളാണ് ഇത് മുന്നോട്ട് വെയ്ക്കുന്നത്.

ആദ്യദിവസം സംസ്ഥാന ഇലക്ട്രോണിക്സ് –ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു പ്രഭാഷകനാകും.

'അതിർത്തികളില്ലാത്ത നൂതനാശയങ്ങൾ: ആഗോള സ്വാധീനത്തിനായുള്ള ഇന്ത്യ–ജർമ്മനി പങ്കാളിത്തം കെട്ടിപ്പടുക്കൽ' എന്ന വിഷയത്തിൽ ജർമ്മൻ അംബാസഡർ ഡോ. ഫിലിപ്പ് അക്കർമാൻ സംസാരിക്കും. 'നല്ലൊരു നാളെയ്ക്കായി സംരംഭകരും ഉദ്യോഗസ്ഥരും ഒരുമിച്ച് കൂടുന്നു' എന്ന വിഷയത്തിൽ കെഎസ്യുഎം സിഇഒ അനൂപ് അംബിക സംസാരിക്കും. 'മെച്ചപ്പെട്ട ഭാവി കെട്ടിപ്പടുക്കാൻ കേരളം എന്തുകൊണ്ട് ആഭ്യന്തര സമ്പത്ത് വളർത്തണം' എന്ന വിഷയത്തിലെ ചർച്ചയിൽ സോഹോ കോർപ്പറേഷൻ സ്ഥാപകൻ ശ്രീധർ വെമ്പു സംസാരിക്കും.ഡിസംബർ 14 ന് നടക്കുന്ന 'ദി കേരള ഫ്യൂച്ചർ ഫോറം: എ ഡയലോഗ് വിത്ത് ചീഫ് മിനിസ്റ്റർ' സെഷനിൽ മുഖ്യമന്ത്രിയ്ക്കൊപ്പം ദുബായ് സെൻറർ ഓഫ് എഐ ദുബായ് ഫ്യൂച്ചർ ഫൗണ്ടേഷൻറെ എക്സിക്യൂട്ടീവ് ഡയറക്ടർ സയീദ് അൽ ഫലാസി, കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം സെക്രട്ടറി എസ്. കൃഷ്ണൻ, സംസ്ഥാന സ്പെഷ്യൽ സെക്രട്ടറി (ഇലക്ട്രോണിക്സ് & ഐടി) സീറാം സാംബശിവ റാവു, കെഎസ്യുഎം സിഇഒ അനൂപ് അംബിക, പോളി ജൂനിയർ പിക്ചേഴ്സിൻറെ സ്ഥാപകനും നടനും സിആർഎവിയുടെ സഹസ്ഥാപകനുമായ നിവിൻ പോളി എന്നിവർ പങ്കെടുക്കും.

'കേരളത്തിൻറെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ പരിണാമവും മുന്നോട്ടുള്ള വഴിയും' എന്ന വിഷയത്തിലെ പാനൽ ചർച്ചയിൽ കേന്ദ്ര ആഭ്യന്തര, വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, സംസ്ഥാന ഇലക്ട്രോണിക്സ് ആൻറ് ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു, സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർ ഡോ. രത്തൻ യു കേൽക്കർ, കേരള ഡിജിറ്റൽ സയൻസസ് മുൻ വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെൻറ് ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ്, അനലിറ്റിക്സ് ലീഡർ തപൻ രായഗുരു, കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി മുൻ ചെയർമാൻ പി.എച്ച്. കുര്യൻ, കേരള മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കർ എന്നിവർ പങ്കെടുക്കും. കെഎസ്യുഎം സിഇഒ അനൂപ് അംബിക മോഡറേറ്ററാകും.

ഇന്ത്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷൻ (ഐഎസ്ആർഒ) യിലെ ബഹിരാകാശയാത്രികനായ ഗ്രൂപ്പ് ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണൻ നായർ 'രാഷ്ട്രനിർമ്മാണത്തിലേക്കുള്ള ഒരു ബഹിരാകാശ യാത്രികൻറെ മനോഭാവം വികസിപ്പിക്കൽ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും.

രണ്ടാം ദിവസം അദാനി പോർട്സ് സിഇഒ പ്രദീപ് ജയരാമൻ, വിഴിഞ്ഞം ഇൻറർനാഷണൽ സീപോർട്ട് ലിമിറ്റഡ് സിഇഒ ശ്രീകുമാർ കെ. നായർ, ട്രാൻസ്വേൾഡ് ചെയർമാൻ രമേശ് രാമകൃഷ്ണൻ, ഷിപ്പ്റോക്കറ്റിൻറെ ചീഫ് പ്രൊഡക്റ്റ് ഓഫീസർ പ്രഫുൽ പോദ്ദർ എന്നിവർ 'കപ്പലുകൾ, തീരങ്ങൾ, വിതരണ ശൃംഖലകൾ – മാരിടൈം ഇന്നവേഷൻസിലെ കേരളത്തിൻറെ വലിയ അവസരം' എന്ന സെഷനിൽ പങ്കെടുക്കും. ആമസോണിൻറെ മുൻ വൈസ് പ്രസിഡൻറും സപ്ലൈ ചെയിൻ കൺസൾട്ടൻറും ബോർഡ് ഉപദേഷ്ടാവുമായ അഖിൽ സക്സേന മോഡറേറ്റർ ആയിരിക്കും.

അവസാന ദിവസം 'ബിസിനസ് ബിയോണ്ട് ബോർഡേഴ്സ്' എന്ന വിഷയത്തിൽ നടക്കുന്ന സെഷനിൽ കോൺസൽ ജനറൽ ഓഫ് ഫിൻലൻറ് ഇൻ മുംബൈ എറിക് അഫ് ഹാൾസ്ട്രോം, ട്രേഡ് കമ്മീഷണർ അഡ്വാൻഡേജ് ആസ്ട്രിയ ഹാൻസ് ഹോർട്ട്നാഗൽ, ഇന്ത്യയിലെ സ്വിസ് നെക്സ് സിഇഒയും കോൺസൽ ജനറലുമായ ഡോ. ആഞ്ചല ഹോനെഗർ, ബെംഗളൂരുവിലെ കാനഡ കോൺസുലേറ്റ് ജനറൽ മാർട്ടിൻ ബാരറ്റ് എന്നിവർ പങ്കെടുക്കും. ന്യൂ സൗത്ത് വെയിൽസ് ഓസ്ട്രേലിയ ഇന്ത്യ ബിസിനസ് കൗൺസിൽ ലിമിറ്റഡിൻറെ നാഷണൽ അസോസിയേറ്റ് ചെയർ പ്രസിഡൻറ് ഇർഫാൻ മാലിക് മോഡറേറ്ററായിരിക്കും.

ഡിസംബർ 14 ന് വൈകുന്നേരം 4.15 ന് നടക്കുന്ന ഹഡിൽ ഗ്ലോബൽ സമാപന ചടങ്ങിൽ കെഎസ്യുഎം സിഇഒ അനൂപ് അംബിക, മെയ്റ്റി സ്റ്റാർട്ടപ്പ് ഹബ്ബ് സിഇഒയും ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാം ഡയറക്ടറുമായ ഡോ. പനീർസെൽവം മദനഗോപാൽ, ബെംഗളൂരുവിലെ സി–ഡാക് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. എസ് ഡി സുദർശൻ എന്നിവർ പ്രഭാഷകരായിരിക്കും.

പതിനഞ്ചിലധികം രാജ്യങ്ങളിൽ നിന്നായി പതിനായിരക്കണക്കിന് പ്രതിനിധികൾ ഇത്തവണത്തെ ഹഡിൽ ഗ്ലോബലിൻറെ ഭാഗമാകും. ലോകമെമ്പാടുമുള്ള നൂറ്റമ്പതിലധികം നിക്ഷേപകരെത്തുന്ന സ്റ്റാർട്ടപ്പ് സംഗമത്തിൽ ഇന്ത്യയിലും വിദേശത്തുമുള്ള 3000 ത്തിലധികം സ്റ്റാർട്ടപ്പുകൾ, 100 ഏയ്ഞ്ചൽ നിക്ഷേപകർ, നൂറിലധികം മെൻറർമാർ, ഇരുന്നൂറിലധികം എച്ച്എൻഐകൾ, നൂറിലധികം കോർപറേറ്റുകൾ, നൂറ്റമ്പതിലധികം പ്രഭാഷകർ, നൂറിലധികം എക്സിബിറ്റേഴ്സ് തുടങ്ങിയവർ പങ്കെടുക്കും. സ്റ്റാർട്ടപ്പുകൾക്ക് നൂതനാശയങ്ങൾ പ്രദർശിപ്പിക്കുന്നതിനും മൂലധനം സമാഹരിക്കുന്നതിനും പ്രഗത്ഭരായ വ്യവസായ സംരംഭകരുടെ മെൻറർഷിപ്പ് സ്വീകരിക്കുന്നതിനുമുള്ള ചലനാത്മക വേദിയായി ഹഡിൽ ഗ്ലോബൽ 2025 മാറും.ഹഡിൽ ഗ്ലോബലിൻറെ ഭാഗമായുള്ള സ്റ്റാർട്ടപ്പ് എക്സ്പോയിൽ എഡ്യൂടെക്, ഹെൽത്ത്ടെക്, ഫിൻടെക്, ലൈഫ് സയൻസസ്, സ്പേസ്ടെക്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്/മെഷീൻ ലേണിംഗ്, ബ്ലോക്ക് ചെയിൻ, റോബോട്ടിക്സ്,എആർ/വിആർ, ഗ്രീൻടെക്, ഇ–ഗവേണൻസ് തുടങ്ങിയ മേഖലകളിലെ സ്റ്റാർട്ടപ്പുകൾ നൂതന ഉൽപ്പന്നങ്ങളും ആശയങ്ങളും അവതരിപ്പിക്കും. ഹ്യൂമനോയിഡ് റോബോട്ടുകൾ, ഓട്ടോണമസ് ഡ്രോണുകൾ, സുസ്ഥിര ഊർജ്ജ പരിഹാരങ്ങൾ, ബയോമെഡിക്കൽ ഉപകരണങ്ങൾ തുടങ്ങിയവയും എക്സ്പോയിൽ പ്രദർശിപ്പിക്കും.കൂടുതൽ വിവരങ്ങൾക്ക്, സന്ദർശിക്കുക: www.huddleglobal.co.in

## സവർക്കർ പുരസ്കാരം നിരസിച്ച് ശശി തരൂർ

ന്യൂഡൽഹി: പ്രഥമ സവർക്കർ പുരസ്കാരം ശശി തരൂർ എംപിക്ക് പ്രഖ്യാപിച്ചെങ്കിലും ഏറ്റുവാങ്ങില്ലെന്നു പ്രതികരിച്ച് എംപിയുടെ ഓഫീസ്. എന്നാൽ, അവാർഡ് ദാനത്തിനു തരൂർ എത്തുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നു സംഘാടകർ പ്രതികരിച്ചു. എച്ച്ആർഡിഎസ് ഇന്ത്യയാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. ഇവർ സംഘടിപ്പിക്കുന്ന പരിപാടിയിൽ രാജ്നാഥ് സിംഗാണ് പുരസ്കാരങ്ങൾ സമ്മാനിക്കുക.

തരൂരിന്റെ പ്രതികരണത്തിനായി മാധ്യമങ്ങൾ വീട്ടിലെത്തിയെങ്കിലും അദ്ദേഹം നേരിട്ടു പ്രതികരിക്കാൻ തയാറായില്ല. പിന്നീട് ഓഫീസ് ആണ് നിലപാട് അറിയിച്ചത്. തരൂർ സർവർക്കറുടെ പേരിലുള്ള പുരസ്കാരം ഏറ്റുവാങ്ങുന്നതിൽ നേരത്തെ കോൺഗ്രസ് കടുത്ത അതൃപ്തി അറിയിച്ചിരുന്നു. പാർട്ടിയോട് തരൂർ ഇക്കാര്യം ആലോചിച്ചിട്ടില്ലെന്നും പാർട്ടിവൃത്തങ്ങൾ പറഞ്ഞിരുന്നു. കോൺഗ്രസ് കടുത്ത നിലപാട് സ്വീകരിച്ചതിനിടെയാണ് പുരസ്കാരം ഏറ്റുവാങ്ങില്ലെന്ന് തരൂരിന്റെ ഓഫീസ് അറിയിച്ചിരിക്കുന്നത്. കോൺഗ്രസ് പ്രത്യയശാസ്ത്രപരമായി എതിർക്കുന്ന സർവർക്കറുടെ പേരിലുള്ള പുരസ്കാരം തരൂർ ഏറ്റുവാങ്ങിയാൽ കോൺഗ്രസ് കടുത്ത വിഷമഘട്ടത്തിലാകുമായിരുന്നു. അവാർഡ് ദാനം നടക്കുന്ന ദിവസം മറ്റൊരു പരിപാടിയിൽ പങ്കെടുക്കാനായി കോൽക്കത്തയിലേക്കു പോകുമെന്നും തരൂരിന്റെ ഓഫീസ് അറിയിച്ചു.

## ഉറങ്ങിപ്പോയി, കാർ വീട്ടുമുറ്റത്തേക്കു മറിഞ്ഞു; നാല് അയ്യപ്പഭക്തർക്കു പരിക്ക്

മുക്കൂട്ടുതറ: ശബരിമല പാതയിൽ മുക്കൂട്ടുതറ–ഇടകടത്തി പമ്പാവാലി റോഡിൽ ഉമിക്കുപ്പയിൽ തീർഥാടകരുടെ കാർ വീട്ടുമുറ്റത്തേക്കു മറിഞ്ഞു.

കാറിൽ ഉണ്ടായിരുന്ന തൃശൂർ മാള സ്വദേശികളായ നാലു അയ്യപ്പ തീർഥാടകർക്കു പരിക്കേറ്റു.

ഇന്നു പുലർച്ചെ 5.40 നായിരുന്നു അപകടം. ഡ്രൈവർ ഉറങ്ങിയതാണ് അപകടകാരണമെന്നു സ്ഥലത്ത് എത്തി വാഹനം പരിശോധിച്ച മോട്ടോർ വാഹനവകുപ്പിന്റെ ഉദ്യോഗസ്ഥർ പറഞ്ഞു.

ശബരിമല ദർശനത്തിനു പോകുന്ന വഴിക്കാണ് അപകടം സംഭവിച്ചത്. നാട്ടുകാരും പോലീസും ചേർന്നാണ് പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ചത്.

## ആലപ്പുഴ മണ്ണഞ്ചേരി റീപോളിംഗ് ഇന്ന്

ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ഒന്നാം ബൂത്തായ മണ്ണഞ്ചേരി ഗവ. ഹൈസ്കൂളിലെ (പ്രധാന കെട്ടിടത്തിന്റെ തെക്കുഭാഗം) പോളിംഗ് സ്റ്റേഷനിൽ ഇന്ന് (ഡിസംബർ 11) റീപോൾ നടക്കും. വോട്ടിംഗ് മെഷീൻ തകരാർ സംബന്ധിച്ച വരണാധികാരിയുടെ റിപ്പോർട്ടിനെ തുടർന്ന്, ഇവിടെ ഡിസംബർ 9 നടന്ന വോട്ടെടുപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കിയിരുന്നു.മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് വാർഡ്, ആര്യാട് ബ്ലോക്ക് പഞ്ചായത്തിലെ മണ്ണഞ്ചേരി വാർഡ്, ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ ആര്യാട് വാർഡ് എന്നിവിടങ്ങളിലേക്കാണ് റീപോൾ നടത്തുന്നത്. രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്. സ്ഥാനാർത്ഥികളുടെയും പോളിങ് ഏജന്റുമാരുടെയും സാന്നിധ്യത്തിൽ രാവിലെ 6 ന് മോക് പോൾ നടക്കും. വോട്ടെണ്ണൽ ഡിസംബർ 13 ന് നിശ്ചയിച്ചിട്ടുള്ള കേന്ദ്രത്തിൽ തന്നെ നടത്തും.

റീപോളിനായി കാൻഡിഡേറ്റ് സെറ്റിങ് നടത്തിയ വോട്ടിങ് മെഷീൻ നൽകി പോളിങ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. പോളിംഗ് സ്റ്റേഷനിൽ അധിക പോലീസ് സുരക്ഷ ഏർപ്പെടുത്തും.റീപോളിൽ വോട്ട് ചെയ്യുന്നവരുടെ 'ഇടതു കൈയ്യിലെ നടുവിരലിൽ' ആയിരിക്കും മായാത്ത മഷി കൊണ്ട് അടയാളം രേഖപ്പെടുത്തുക. ഡിസംബർ 9ന് നടന്ന തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്തവരുടെ ഇടതുകൈയിലെ ചൂണ്ടുവിരലിൽ മഷി പുരട്ടിയ സാഹചര്യത്തിൽ നടുവിരലിൽ മഷിയടയാളം രേഖപ്പെടുത്തുന്നത്. വോട്ടർമാർക്ക് വോട്ടെടുപ്പിൽ പങ്കെടുക്കാൻ അവധി അനുവദിക്കാൻ നടപടി സ്വീകരിക്കാൻ കമ്മീഷൻ ജില്ലാകളക്ടറോട് നിർദേശിച്ചിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA
2025 December 11 Thursday


# മുഖ്യമന്ത്രിയുമായി സംവാദത്തിന് തയാർ; സ്ഥലവും സമയവും അദ്ദേഹത്തിന് തീരുമാനിക്കാം: വി. ഡി. സതീശൻ

കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയൻ ഉന്നയിച്ച വിഷയങ്ങളിലെല്ലാം പരസ്യ സംവാദത്തിന് താൻ തയാറാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. സ്ഥലവും സമയവും മുഖ്യമന്ത്രിക്ക് തീരുമാനിക്കാമെന്നും സതീശൻ പറഞ്ഞു.

ശബരിമല സ്വർണക്കൊള്ളയിൽ രണ്ട് സിപിഎം നേതാക്കൾ ജയിലിലാണെന്ന് മുഖ്യമന്ത്രിയെ വിനയത്തോടെ ഓർമ്മിപ്പിച്ചുകൊണ്ടാണ് സതീശൻ പ്രസ്താവന തുടങ്ങിയത്. രാഹുൽ മാങ്കൂട്ടത്തിനെതിരായ പീഡന പരാതിയിൽ രാജ്യത്ത് ഒരു പാർട്ടിയും ഇന്നേവരെ സ്വീകരിച്ചിട്ടില്ലാത്ത നിലപാടെടുത്ത് തല ഉയർത്തിയാണ് കോൺഗ്രസ് കേരളത്തിൽ നിൽക്കുന്നതെന്നും സതീശൻ പറഞ്ഞു.

ലൈംഗിക ആരോപണ കേസിൽ ഉൾപ്പെട്ട രണ്ടു പേർ ഇപ്പോഴും മുഖ്യമന്ത്രിയോടൊപ്പമില്ലേയെന്നും ആരാണ് കേരള മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയെന്നും സതീശൻ ചോദിച്ചു. ‘ആരാണ് കേരള മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇരുന്ന് പൊലീസിനെ നിയന്ത്രിക്കുന്നത് അദ്ദേഹത്തിന്റെ പൂർവകാല ചരിത്രം എന്താണ് ആ കേസിലെ പരാതിക്കാരൻ ആരായിരുന്നു പാർട്ടിയിൽ ഇപ്പോൾ പരാതിക്കാരന്റെ അവസ്ഥ എന്താണ് . ’-സതീശൻ ചോദിച്ചു. അങ്ങയുടെ പാർട്ടി എംഎൽഎ സ്ഥാനം ഉൾപ്പെടെ നൽകി ആദരിച്ച സഖാവിനെതിരെ കഴിഞ്ഞ ദിവസം സിനിമാ പ്രവർത്തക മുഖ്യമന്ത്രിക്ക് പരാതി നൽകിയിരുന്നല്ലോ. എത്ര ദിവസമാണ് അത് പൂഴ്ത്തി വച്ചത് എന്തുകൊണ്ടാണ് അത് പൊലീസിന് കൈമാറാൻ മുഖ്യമന്ത്രിയുടെ ഓഫീസ് വൈകിയതെന്നും വി. ഡി. സതീശൻ മുഖ്യമന്ത്രിയോട് ചോദിച്ചു.

സംവാദത്തിന് ഇപ്പോഴെങ്കിലും തയാറായതിന് മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. അങ്ങ് ഉന്നയിച്ചിരിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിനൊപ്പം ഞാനും ചില ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അതിനും അങ്ങയുടെ മറുപടി പ്രതീക്ഷിക്കുന്നുവെന്നെന്നും സതീശൻ പറഞ്ഞു. ലൈഫ് മിഷൻ, വിഴിഞ്ഞം തുറമുഖം, വയനാട് തുരങ്കപാത, തീരദേശ ഹൈവേ, ക്ഷേമ പെൻഷൻ, ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ്ലൈൻ, കിഫ്ബി, അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, കേരള ബാങ്ക്, കെ ഫോൺ, ചൂരൽമല-മുണ്ടക്കൈ ദുരിതാശ്വാസം, കെ-റെയിൽ എന്നീ വിഷയങ്ങളിൽ മുഖ്യമന്ത്രിക്കും സർക്കാരിനുമെതിരെ രൂക്ഷവിമർശനമാണ് പ്രതിപക്ഷ നേതാവ് ഉന്നയിച്ചത്.

# ഏഴ് ജില്ലകളിൽ കൂട്ടലും കിഴിക്കലും; വടക്കോട്ട് വോട്ടുറപ്പിക്കാൻ നെട്ടോട്ടം

കോട്ടയം: തെക്കൻ-മധ്യ കേരളത്തിലെ ഏഴ് ജില്ലകളിൽ പോളിംഗ് അവസാനിച്ചതോടെ മുന്നണികൾ കൂട്ടലും കിഴിക്കലും തുടങ്ങി. പോളിംഗ് കുറഞ്ഞതും കൂടിയതും തങ്ങൾക്ക് നേട്ടമാകുമെന്ന അവകാശവാദവുമായി നേതാക്കൾ രംഗത്തെത്തി കഴിഞ്ഞു.

കഴിഞ്ഞ ഒരു മാസമായി വോട്ടു തേടിയുള്ള നെട്ടോട്ടത്തിനൊടുവിൽ ചൊവ്വാഴ്ച വൈകുന്നേരം അവസാന വോട്ടും മെഷീനിൽ കുത്തി പച്ച തെളിഞ്ഞതോടെ ഒരു ദീർഘനിശ്വാസമാണ് സ്ഥാനാർഥികൾക്കും അണികൾക്കും. യുദ്ധം കഴിഞ്ഞ പ്രതീതി. വീടുകയറിയും കോർണർ യോഗങ്ങളിൽ പങ്കെടുത്തും കുടുംബയോഗങ്ങൾ നടത്തിയും കാടിളക്കിയ പ്രചാരണമാണ് നടന്നത്. ഇത്ര നാളെത്തെ തീവ്ര പ്രവർത്തനങ്ങൾക്ക് ഫലമുണ്ടായോ എന്നറിയാൻ ഇനി മൂന്നുനാൾ കാക്കണം.

തൊഴിലും ബിസിനസും ഉപേക്ഷിച്ച് പ്രചാരണത്തിനിറങ്ങിയ സ്ഥാനാർഥികൾ തങ്ങളുടെ തൊഴിലിടങ്ങളിൽ സജീവമാകാനുള്ള നീക്കത്തിലാണ്. തങ്ങളെ സഹായിച്ചവർക്ക് സമൂഹ മാധ്യമങ്ങൾ വഴി നന്ദി അർപ്പിച്ചുള്ള പോസ്റ്റുകളും ചില സ്ഥാനാർഥികൾ ഇട്ടുതുടങ്ങി.

വാർഡുകളിൽ സ്ഥാപിച്ച പ്രചാരണ ഫ്ലക്സുകളും പോസ്റ്ററുകളും ബാനറുകളും നീക്കം ചെയ്യാൻ അണികൾക്കൊപ്പം ഇന്നു മുതൽ രംഗത്ത് ഇറങ്ങുമെന്നും ചില സ്ഥാനാർഥികൾ വ്യക്തമാക്കി. ബന്ധുവീടുകളും അയൽപക്കങ്ങളും സന്ദർശിച്ച് നന്ദി പറയാൻ ഇനി സമയം കണ്ടെത്തുമെന്നും ചിലർ പറഞ്ഞു.

അതേസമയം വടക്കൻ ജില്ലകളിൽ വോട്ടുറപ്പിക്കാനുള്ള അവസാന റൗണ്ട് ഓട്ടത്തിലാണ് മുന്നണികളും സ്ഥാനാർഥികളും. ചൊവ്വാഴ്ച കൊട്ടിക്കലാശം കഴിഞ്ഞതോടെ ഇന്ന് പുലർച്ചെ മുതൽ എല്ലാവരും നിശബ്ദ പ്രചരണത്തിലാണ്.

വടക്കോട്ടുള്ള ഏഴു ജില്ലകളിലെ 1.53 കോടി വോട്ടർമാരാണ് വ്യാഴാഴ്ച പോളിംഗ് ബൂത്തുകളിലേക്കു നീങ്ങുന്നത്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടർമാരാണ് വ്യാഴാഴ്ച വിധിയെഴുന്നത്.

470 ഗ്രാമപഞ്ചായത്തുകൾ, 77 ബ്ലോക്ക് പഞ്ചായത്ത്, ഏഴ് ജില്ലാ പഞ്ചായത്ത്, 47 മുനിസിപ്പാലിറ്റികൾ, മൂന്ന് കോർപറേഷൻ എന്നിവിടങ്ങളിലാണ് വോട്ടിംഗ്. 12,391 വാർഡുകളിലായി 38,994 സ്ഥാനാർഥികളാണ് ജനവിധി തേടുന്നത്. 18,974 പുരുഷന്മാരും 20, 020 സ്ത്രീകളും. രാവിലെ ഏഴു മുതൽ വൈകുന്നേരം ആറു വരെയാണ് വോട്ടെടുപ്പ്. 72.47 ലക്ഷം പുരുഷന്മാരും 80. 92 ലക്ഷം സ്ത്രീകളുമാണ് രണ്ടാംഘട്ടത്തിലെ വോട്ടർമാർ. രണ്ടാം ഘട്ടത്തിലാണ് പ്രശ്നബാധിത ബൂത്തുകളും ഏറെയുള്ളത്. 2,055 പ്രശ്നബാധിത ബൂത്തുകളാണ് ഏഴു ജില്ലകളിലായുള്ളത്. ഇതിൽ പകുതിയിൽ കൂടുതലും കണ്ണൂർ ജില്ലയിലാണ്.

ആദ്യഘട്ടത്തെ അപേക്ഷിച്ച് മലബാർ ഭാഗത്തേക്ക് മികച്ച പോളിംഗ് ഉണ്ടാകുമെന്നാണ് രാഷ്ട്രീയ പാർട്ടികൾ പ്രതീക്ഷിക്കുന്നത്. വിജയം ആവർത്തിക്കുമെന്ന് എൽഡിഎഫും പിടിച്ചടക്കുമെന്ന് യുഡിഎഫും ശക്തമായ സാന്നിധ്യമാകുമെന്ന് എൻഡിഎയും കണക്കുകൂട്ടുന്നു.

# വിസി നിയമന തർക്കം: ഗവർണറും മന്ത്രിമാരും തമ്മിലുള്ള കൂടിക്കാഴ്ചയിൽ മഞ്ഞുരുകിയില്ല

തിരുവനന്തപുരം: സർവകലാശാലകളിലെ വിസി നിയമന തർക്കത്തിൽ ഗവർണർ രാജേന്ദ്ര അർലേക്കറും നിയമമന്ത്രി പി. രാജീവും ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദുവും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയിൽ മഞ്ഞുരുകിയില്ല. വിട്ടുവീഴ്ചക്കില്ലെന്ന് വ്യക്തമാക്കി ഗവർണറും സർക്കാരും നിലപാട് സ്വീകരിച്ചതോടെയാണ് അനുനയ നീക്കം പാളിയത്.

താൻ നിശ്ചയിച്ച വിസിമാർ യോഗ്യരെന്ന് ഗവർണർ രാജേന്ദ്ര അർലേക്കർ നിലപാടെടുത്തു. ചർച്ചയ്ക്ക് മുഖ്യമന്ത്രി വരാത്തത് എന്തെന്ന് ഗവർണർ മന്ത്രിമാരോട് ആരാഞ്ഞു. മുഖ്യമന്ത്രി മുൻഗണനാക്രമം നിശ്ചയിച്ചത് എങ്ങനെ എന്ന ചോദ്യത്തിന് ഉത്തരം കിട്ടിയില്ലെന്നും ഗവർണർ മന്ത്രിമാരോട് പറഞ്ഞു.

കേരള സാങ്കേതിക, ഡിജിറ്റൽ സർവകലാശാല നിയമന തർക്കത്തിൽ സുപ്രീം കോടതി കടുത്ത നിലപാട് സ്വീകരിച്ചതോടെയാണ് സർക്കാർ അനുനയ നീക്കത്തിനൊരുങ്ങിയത്. സർവകലാശാലകളിലെ വിസി നിയമനത്തിനായി സർക്കാരും ഗവർണറും മുന്നോട്ട് വെച്ചത് വ്യത്യസ്ത പേരുകളായിരുന്നു.

മുഖ്യമന്ത്രിയുടെ ശുപാർശയ്ക്കെതിരെ ഗവർണർ കഴിഞ്ഞ ദിവസം സുപ്രീംകോടതിയിൽ പുതിയ സത്യവാംഗ്മൂലം നൽകിയിരുന്നു. സാങ്കേതിക സർവകലാശാല വിസിയായി സിസ തോമസിനെയും ഡിജിറ്റൽ സർവകലാശാല വിസിയായി ഡോ. പ്രിയ ചന്ദ്രനെയും നിയമിക്കണമെന്നായിരുന്നു ഗവർണറുടെ സത്യവാംഗ്മൂലത്തിലെ ആവശ്യം. മുഖ്യമന്ത്രി മെറിറ്റ് പരിഗണിച്ചില്ലെന്നും മെറിറ്റ് അട്ടിമറിച്ച് മാധ്യമ വാർത്തകളുടെ പേരിൽ മുഖ്യമന്ത്രി സിസ തോമസിനെ ഒഴിവാക്കിയെന്നും ഗവർണർ ആരോപിച്ചിരുന്നു. ഇതിന് പിന്നാലെയാണ് വിസി നിയമന കേസിൽ സുപ്രീംകോടതി കർശന താക്കീത് നൽകിയത്.

തർക്കം തുടരുന്നതിൽ കേസ് പരിഗണിച്ച ജസ്റ്റിസ് ജെബി പർദിവാലയുടെ നേതൃത്വത്തിലുള്ള ബെഞ്ച് കടുത്ത അതൃപ്തി അറിയിച്ചു. ജസ്റ്റിസ് ധൂലിയ സമിതി നൽകിയ പട്ടികയുടെ അടിസ്ഥാനത്തിൽ സമവായം ഉണ്ടായില്ലെങ്കിൽ വിസി നിയമനം ഏറ്റെടുക്കുമെന്ന് സുപ്രീംകോടതി വ്യക്തമാക്കി. സാങ്കേതിക (കെടിയു), ഡിജിറ്റൽ സർവകലാശാലകളിലെ വിസി നിയമനത്തിന് സുപ്രീംകോടതി ജസ്റ്റിസ് സുധാൻഷു ധൂലിയ അധ്യക്ഷനായ രണ്ട് സെർച്ച് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. രണ്ട് സമിതികളും നൽകിയ പട്ടികയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ശുപാർശ ഗവർണർക്ക് നൽകിയെങ്കിലും നിയമനം നടന്നിരുന്നില്ല.

സാങ്കേതിക സർവകലാശാലയിലേക്ക് സി. സതീഷ് കുമാറിനെയും ഡിജിറ്റൽ സർവകലാശാലയിലേക്ക് സജി ഗോപിനാഥിനെയും നിയമിക്കണമെന്നാണ് മുഖ്യമന്ത്രിയുടെ ശുപാർശ. എന്നാൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ പ്രിയ ചന്ദ്രനേയും സാങ്കേതിക സർവകലാശാലയിൽ സിസ തോമസിനെയും വിസിമാരാക്കണമെന്നാണ് ഗവർണറുടെ നിർദേശം.

# അതിജീവിതയെ അധിക്ഷേപിച്ച കേസ്; രാഹുൽ ഈശ്വറിനെ പോലീസ് കസ്റ്റഡിയിൽ വിട്ടു

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരെ പരാതി നൽകിയ അതിജീവിതയെ അധിക്ഷേപിച്ച കേസിൽ രാഹുൽ ഈശ്വറിനെ പോലീസ് കസ്റ്റഡിയിൽ വിട്ടു. വ്യാഴാഴ്ച രാവിലെ 11വരെയാണ് കസ്റ്റഡിയിൽ വിട്ടത്. കേസിലെ തുടർതെളിവെടുപ്പ് പൂർത്തിയാകാനായിട്ടാണ് പോലീസ് കസ്റ്റഡിയിൽ വാങ്ങിയിരിക്കുന്നത്. വ്യാഴാഴ്ച തന്നെ രാഹുൽ ജാമ്യാപേക്ഷയ്ക്കായി കോടതിയെ സമീപിക്കുമെന്നാണ് വിവരം. അന്വേഷണവുമായി രാഹുൽ സഹകരിക്കുന്നില്ലെന്ന് അന്വേഷണ സംഘം തിരുവനന്തപുരം അഡീഷണൽ സിജെഎം കോടതിയിയെ അറിയിച്ചു. പിടിച്ചെടുത്ത ലാപ്ടോപ്പിന്റെ പാസ്‌വേഡ് നൽകുന്നില്ലെന്നും മൊബൈൽ ഫോണും കൈമാറാൻ വിസമ്മതിക്കുകയാണെന്നും അന്വേഷണത്തിന് കസ്റ്റഡി അനിവാര്യമാണെന്നും പോലീസ് അറിയിച്ചു. ഈ ആവശ്യം കോടതി അംഗീകരിക്കുകയായിരുന്നു.

അതേസമയം, 11 ദിവസം കൊണ്ട് 11 കിലോ കുറഞ്ഞു. നാല് ദിവസം വെള്ളം കുടിക്കാതെ ജയിലിൽ കഴിഞ്ഞെന്നും ഇത് തുടർന്നാൽ കിഡ്നിയ്ക്ക് പ്രശ്നമാകുന്നുവെന്ന് ഡോക്ടർ പറഞ്ഞതുകൊണ്ടാണ് നിരാഹാരം അവസാനിപ്പിച്ചതെന്നും നടിയെ ആക്രമിച്ച കേസിൽ ദിലീപിന് നീതി കിട്ടിയതിൽ സന്തോഷമുണ്ടെന്നും രാഹുൽ ഈശ്വർ പറഞ്ഞു.

കസ്റ്റഡിയിൽ വാങ്ങുന്നതിനായി കോടതിയിൽ ഹാജരാക്കുന്നതിന് മുമ്പ് വൈദ്യ പരിശോധനയ്ക്ക് എത്തിച്ചപ്പോഴായിരുന്നു പ്രതികരണം. രാഹുൽ മാങ്കൂട്ടത്തിലെ പിന്തുണച്ചതിൽ കുറ്റബോധം ഇല്ല അതിജീവിതയുടെ പേര് വെളിപ്പെടുത്തുകയോ ഫോട്ടോയോ പോസ്റ്റോ ഇട്ടിട്ടില്ലെന്നും രാഹുൽ പറഞ്ഞു.

അതിജീവിതയെ അധിക്ഷേപിച്ച കേസിൽ ആദ്യം അറസ്റ്റിലാകുന്നത് രാഹുൽ ഈശ്വറാണ്. കേസിലെ അഞ്ചാം പ്രതിയാണ് രാഹുൽ. രണ്ടുതവണ മുൻകൂർജാമ്യാഅപേക്ഷയുമായി കോടതിയെ സമീപിച്ചെങ്കിലും നിരസിക്കുകയായിരുന്നു. കേസിന്റെ ഗൗരവമടക്കമുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ടായിരുന്നു ജാമ്യം നിഷേധിച്ചത്.

# ഒളിവിൽനിന്ന് പുറത്തേയ്ക്ക്; വ്യാഴാഴ്ച രാഹുൽ വോട്ട് ചെയ്യുമെന്ന് സൂചന

പാലക്കാട്: രാഹുൽ മാങ്കൂട്ടത്തിൽ വ്യാഴാഴ്ച വോട്ട് ചെയ്യാൻ എത്തുമെന്ന് സൂചന. പാലക്കാട് നഗരസഭയിലെ കുന്നത്തൂർമേട് സെൻറ് സെബാസ്റ്റ്യൻ സ്കൂളിലാണ് രാഹുലിന് വോട്ട്. സെൻറ് സെബാസ്റ്റ്യൻ സ്കൂളിലെ രണ്ടാം ബൂത്ത് നമ്പറിലാണ് വോട്ട്. രാഹുൽ താമസിക്കുന്ന ഫ്ലാറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ബൂത്തിൽ തന്നെയാണ് രാഹുലിന് വോട്ട്. നഗരസഭയിലെ 24ാം വാർഡിലാണ് രാഹുലിന് വോട്ടുള്ളത്.

രണ്ടാമത്തെ ബലാത്സംഗക്കേസിൽ മുൻകൂർ ജാമ്യം അനുവദിച്ചതിനു പിന്നാലെയാണ് രാഹുൽ ഒളിവുജീവിതം അവസാനിപ്പിച്ചേക്കും എന്ന വിവരം പുറത്തുവരുന്നത്. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് രാഹുലിന് മുൻകൂർ ജാമ്യം അനുവദിച്ചത്.

ഉപോധികളോടെയാണ് മുൻകൂർ ജാമ്യം അനുവദിച്ചിട്ടുള്ളത്. എല്ലാ തിങ്കളാഴ്ചയും രാവിലെ 10നും 11നും ഇടക്ക് അന്വേഷണ ഉദ്യോഗസ്ഥയ്ക്കു മുന്നിൽ എത്തി ഒപ്പിടണം. രാഹുലിനെ അറസ്റ്റ് ചെയ്താൽ ജാമ്യത്തിൽ വിടണം എന്നിങ്ങനെയാണ് ഉപാധികൾ.

അതേസമയം, രാഹുലിനെതിരെ പോലീസ് കൂടുതൽ വകുപ്പുകൾ ചുമത്തുകയും ചെയ്തിട്ടുണ്ട്. പിന്തുടർന്ന് ശല്യപ്പെട്ടുത്തുക, തടഞ്ഞുവയ്ക്കുക, അതിക്രമിച്ചു കയറുക എന്നീ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്.

23കാരി കെപിസിസി അധ്യക്ഷനു നൽകിയ പരാതിയിലാണ് കേസെടുത്തിരുന്നത്. കെപിസിസി അധ്യക്ഷൻ പരാതി പോലീസിനു കൈമാറിയിരുന്നു. വിവാഹ അഭ്യർഥന നടത്തി, കൂട്ടികൊണ്ടുപോയി ഔട്ട് ഹൗസിൽ വച്ച് ക്രൂരമായി പീഡിപ്പിച്ചുവെന്നാണ് കേസ്. രാഹുലിനെതിരായ ആദ്യ കേസിൽ മുൻകൂർ ജാമ്യം പരിഗണിക്കുന്നത് ഹൈക്കോടതി തിങ്കളാഴ്ചത്തേയ്ക്ക് മാറ്റിയിരുന്നു. ആദ്യ കേസിൽ തിങ്കളാഴ്ച വരെ ഹൈക്കോടതി അറസ്റ്റ് തടഞ്ഞിട്ടുണ്ട്.

ഇതോടെയാണ് ഒളിവു ജീവിതം അവസാനിപ്പിച്ചേക്കും എന്ന വിവരം പുറത്തുവരുന്നത്. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് രാഹുലിന് മുൻകൂർ ജാമ്യം അനുവദിച്ചത്.

# ചിത്രപ്രിയയുടെ കൊലപാതകം; സമീപത്തെ കല്ലിൽ രക്തക്കറ, ബൈക്കിൽ മറ്റു രണ്ടുപേരും

കൊച്ചി: എറണാകുളം മലയാറ്റൂരിൽ കൊല്ലപ്പെട്ട ചിത്രപ്രിയയുടെ തലയിൽ കണ്ടെത്തിയത് ആഴത്തിലുള്ള മുറിവ്. സമീപത്തു രക്തക്കറ പുരണ്ട കല്ല് കിടപ്പുണ്ടായിരുന്നു. പെൺകുട്ടിയുടെ വീട്ടിൽ നിന്ന് ഒരു കിലോമീറ്റർ അകലെ മണപ്പാട്ട് ചിറയ്ക്ക് സമീപത്തുനിന്നാണ് മൃതദേഹം കണ്ടെത്തിയത്. ചിത്രപ്രിയയുടെ പോസറ്റുമോർട്ടം ഇന്നു കളമശേരി മെഡിക്കൽ നടക്കും.

പോസ്റ്റുമോർട്ടത്തിനു ശേഷം സംഭവത്തെക്കുറിച്ചു കൂടുതൽ വ്യക്തത വരുമെന്നു പെരുമ്പാവൂർ എഎസ്പി ഹാർദിക് മീണ പറഞ്ഞു. സംഭവവുമായി ബന്ധപ്പെട്ടു കസ്റ്റഡിയിലായ പെൺകുട്ടിയുടെ ആൺസുഹൃത്ത് അലനു(21) ലഹരി ഇടപാടുകൾ ഉണ്ടോയെന്നു പോലീസ് പരിശോധിക്കുന്നുണ്ട്.

പെൺകുട്ടിയുടെ മൊബൈൽ ഫോൺ പോലീസ് പരിശോധിച്ചുവരുന്നു. ചിത്രപ്രിയയെ കാണാതാകുന്നതിനു മുമ്പ് ഇരുവരും ഫോണിൽ സംസാരിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പെൺകുട്ടിയെ പ്രതി ബൈക്കിൽ കയറ്റിക്കൊണ്ടു പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങളും പോലീസ് ശേഖരിച്ചിരുന്നു.

കൂട്ടുകാരനു പെൺസുഹൃത്തിൽ തോന്നിയ സംശയമാണ് എറണാകുളം മലയാറ്റൂരിൽ മുണ്ടങ്ങമറ്റത്തുനിന്നു കാണാതായ 19 വയസുകാരിയുടെ ജീവനെടുത്തതെന്നാണ് പോലീസ് പറയുന്നത്.

**കുറ്റസമ്മതം**

ചോദ്യം ചെയ്യലിൽ ആൺസുഹൃത്ത് അലൻ കുറ്റം സമ്മതിച്ചതായി പോലീസ് അറിയിച്ചു. സംശയത്തെത്തുടർന്നു കല്ലുകൊണ്ട് തലക്കടിച്ചു കൊലപ്പെടുത്തുകയായിരുന്നു. പെൺകുട്ടിയുടെ ശരീരത്തിൽ പലേടത്തും മുറിവുകൾ കണ്ടെത്തിയിട്ടുണ്ട്. ബംഗളൂരുവിൽ ഏവിയേഷൻ കോഴ്സിനു പഠിക്കുന്ന പെൺകുട്ടിക്ക് അവിടെ ആൺസുഹൃത്ത് ഉള്ളതായി അലൻ സംശയിച്ചിരുന്നു. പെൺകുട്ടിയുടെ ഫോണിൽ മറ്റൊരു ആൺസുഹൃത്തുമായുള്ള ചിത്രങ്ങളും അലൻ കണ്ടത്ര. ഇതേത്തുടർന്നു പ്രകോപിതാനായ പ്രതി പെൺകുട്ടിയെ ആക്രമിച്ചെന്നാണ് മൊഴി കൊടുത്തിരിക്കുന്നത്.

ആദ്യം ചോദ്യം ചെയ്തു വിട്ടയച്ച അലനെ പെൺകുട്ടിയുമായി പോകുന്ന സിസിടിവി ദൃശ്യങ്ങൾ ലഭിച്ചതോടെ പോലീസ് വീണ്ടും വിളിച്ചുവരുത്തുകയായിരുന്നു. സംഭവം നടക്കുമ്പോൾ ഇയാൾ മദ്യലഹരിയിൽ ആയിരുന്നെന്നും പോലീസ് പറയുന്നു. ഇയാളുടെ അറസ്റ്റ് ഉടൻ രേഖപ്പെടുത്തും.

**ഏവിയേഷൻ വിദ്യാർഥിനി**

മുണ്ടങ്ങാമറ്റം സ്വദേശിനി ചിത്രപ്രിയയെ (19) ആണ് കൊല്ലപ്പെട്ട നിലയിൽ സെബിയൂർ കൂരാപ്പിള്ളി കയറ്റത്തിൽ ഗ്രൗണ്ടിൽ കണ്ടെത്തിയത്. മലയാറ്റൂർ മുണ്ടങ്ങാമറ്റം തുരുത്തിപ്പറമ്പിൽ ഷൈജുവിന്റെയും ഷിനിയുടെയും മകളാണ്. ബെംഗളരുവിൽ ഏവിയേഷൻ ബിരുദ വിദ്യാർഥിനിയായ ചിത്രപ്രിയ അവധിക്കു നാട്ടിലെത്തിയതായിരുന്നു.

ആറു മുതലാണ് കാണാതായത്. അടുത്തുള്ള കടയിൽ പോകുന്നുവെന്നു പറഞ്ഞു വീട്ടിൽ നിന്നിറങ്ങിയ പെൺകുട്ടി പിന്നീട് തിരിച്ചു വന്നില്ല. തുടർന്നു വീട്ടുകാർ കാലടി പോലീസിൽ പരാതി നൽകി.

പോലീസ് പലയിടത്തും തെരച്ചിൽ നടത്തിയിരുന്നു. ഇതിനിടെയാണ് ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.20 ഓടെ മൃതദേഹം കണ്ടെത്തിയത്. ഈ ഭാഗത്തു തെരച്ചിൽ നടത്തുന്നതിനിടെ ദുർഗന്ധം അനുഭവപ്പെട്ടതിനു പിന്നാലെയാണ് മൃതദേഹം കണ്ടെത്തിയത്. ജീർണിച്ചു തുടങ്ങിയ മൃതദേഹത്തിനു രണ്ടു ദിവസത്തെ പഴക്കമുണ്ടെന്നാണ് പ്രാഥമിക നിഗമനം.

**കൂടുതൽ പ്രതികളോ**

പെൺകുട്ടി ആൺസുഹൃത്തിനൊപ്പം ബൈക്കിൽ പോകുന്നതിന്റെ സിസിടിവി ദൃശ്യങ്ങൾ പോലീസിനു ലഭിച്ചിട്ടുണ്ട്. ഇതിൽ മറ്റു രണ്ടു യുവാക്കളെയും മറ്റൊരു ബൈക്കിൽ കാണാം. ഇവർക്കും സംഭവത്തിൽ പങ്കുണ്ടോയെന്നു പോലീസ് പരിശോധിക്കുന്നുണ്ട്. പെൺകുട്ടിയെ ബൈക്കിൽ പ്രദേശത്തു കൊണ്ടുവിട്ടുവെന്നായിരുന്നു ആദ്യ ഘട്ടത്തിൽ ചോദ്യം ചെയ്യലിൽ അലൻ പറഞ്ഞിരുന്നത്. ഇതോടെയാണ് ഇയാളെ ആദ്യം വിട്ടയച്ചത്. എന്നാൽ, പിന്നീട് മൃതദേഹം കണ്ടെത്തിയതോടെ അലനെ വീണ്ടും വിളിക്കുകയായിരുന്നു. ശനിയാഴ്ച രാത്രിയും ഞായറാഴ്ചയും പെൺകുട്ടി ഈ സംഘത്തിനൊപ്പമായിരുന്നെന്നാണ് പോലീസ് നിഗമനം.

# മലപ്പുറത്തെ വീടുകളിൽ മോഷണം നടത്തിയ പ്രതി അറസ്റ്റിൽ

മലപ്പുറം: ചിയാനൂർ ഭാഗത്ത് നിരവധി വീടുകളിൽ മോഷണം നടത്തിയ പ്രതി അറസ്റ്റിൽ. വള്ളിക്കുന്ന് അരിയല്ലൂർ സ്വദേശി സജീറാണ് (51) അറസ്റ്റിലായത്.

ചങ്ങരംകുളം പോലീസാണ് സജീറിനെ അറസ്റ്റ് ചെയ്തത്. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വിവിധയിടങ്ങളിൽ മോഷണ കേസുകളിൽ ഇയാൾ പിടിയിലായിട്ടുണ്ടെന്ന് പൊലീസ് പറഞ്ഞു.

സിസിടിവി കേന്ദ്രീകരിച്ച് സമാന കുറ്റകൃത്യത്തിൽ മുമ്പ് ഉൾപ്പെട്ടിട്ടുള്ള പ്രതികളെക്കുറിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. സംഭവത്തിൽ സലീം എന്ന് പേരുള്ള കൂട്ടുപ്രതിയെ കൂടി പിടികിട്ടാനുണ്ടെന്നും ഇയാൾക്ക് വേണ്ടി അന്വേഷണം തുടരുകയാണെന്നും സിഐ ഷൈൻ പറഞ്ഞു.

സജിർ ഓടിച്ച് കൊണ്ടിരിക്കുന്ന ഗുഡ്സ് ഓട്ടോയിലാണ് രാത്രി കാലങ്ങളിൽ സലീം മോഷണത്തിനായി എത്തുന്നത്. സലീമിനെ മോഷണത്തിന് ഇറക്കി വിട്ട ശേഷം സജീർ ഓട്ടോറിക്ഷയിൽ വിശ്രമിക്കുന്നതാണ് ഇവരുടെ രീതി. മോഷണം കഴിഞ്ഞാൽ രണ്ടു പേരും ചേർന്ന് രക്ഷപ്പെടുകയും ചെയ്യും.

കഴിഞ്ഞ മാസമാണ് ചിയ്യാനൂർ മാർസ് സിനിമാസിന് പിറക് വശത്തുള്ള വിവിധ വീടുകളിൽ മോഷണം നടന്നത്. ചങ്ങരംകുളം എസ്ഐഎം നസിയയുടെ നേതൃത്വത്തിൽ പിടിയിലായ പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തി.

പൊന്നാനി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# ബിജെപി സ്ഥാനാർത്ഥിയെ വീടുകയറി ആക്രമിച്ചു, ആർഎസ്എസ് നേതാവിനു വെട്ടേറ്റു

കോട്ടയം: ബിജെപി സ്ഥാനാർഥിയെയും സുഹൃത്തിനെയും വീടുകയറി ആക്രമിച്ചതായി പരാതി. സ്ഥാനാർഥിയുടെ തലയ്ക്ക് കമ്പിവടികൊണ്ട് അടിയേറ്റതായും സുഹൃത്തായ ആർഎസ്എസ് പ്രവർത്തകനു വെട്ടേറ്റതായും പറയുന്നു.

കുറിച്ചി പഞ്ചായത്തിലെ എട്ടാം വാർഡ് അംഗവും സ്ഥാനാർഥിയും ബിജെപി ജില്ലാ സെക്രട്ടറിയുമായ ബി. ആർ. മഞ്ജീഷിനെയും കുടുംബാംഗങ്ങളെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മഞ്ജീഷും സുഹൃത്തും കോട്ടയം ജില്ലാ ആശുപത്രിയിലും മഞ്ജീഷിന്റെ അമ്മയും സഹോദരനും ബന്ധവും ചങ്ങനാശേരി താലൂക്ക് ആശുപത്രിയിലുമാണ് ചികിത്സയിൽ കഴിയുന്നത്. ചൊവ്വാഴ്ച തെഞ്ഞെടുപ്പിനു ശേഷം സിപിഎം പ്രവർത്തകർ മഞ്ജീഷിന്റെ വീട് കയറി ആക്രമിക്കുകയായിരുന്നുവെന്നാണ് ബിജെപി പ്രവർത്തകരുടെ ആരോപണം. മഞ്ജീഷന്റെ തലയ്ക്കു കമ്പിവടിക്ക് അടിയേറ്റു. സുഹൃത്ത് ആർഎസ്എസ് ജില്ലാ കാര്യകർത്താവായ ജി. ശ്രീകുമാറിനു വെട്ടേറ്റു.

ഇത്തിത്താനത്തെ കഞ്ചാവ് മാഫിയയുമായുള്ള സിപിഎം നേതൃത്വത്തിന്റെ അടുത്ത ബന്ധത്തെ തെളിയിക്കുന്നതാണ് ഈ ആക്രമണമെന്നു ബിജെപി നേതാക്കൾ ആരോപിച്ചു. സംഭവത്തിൽ ചിങ്ങവനം പോലീസ് അന്വേഷണം ആരംഭിച്ചു.